'കർമ്മലകുസുമ' ഗ്രന്ഥാവലി. നമ്പർ ൧൧.

# ക്രിസ്തീയപുനരൈക്യം

ശ്രീമാൻ സി. അന്തപ്പായി ബി. ഏ.
എഴുതിയതു്.

MANNANAM,

PRINTED AT THE ST. JOSEPH'S PRESS,

1922.

# വായിച്ചിരിക്കേണ്ട എഴുത്തുകൾ

മഹോന്നത ദിവ്യശ്രീ
ദലഗാദപ്പൊസ്തോലിക്കാ തിരുമനസ്സുകൊണ്ടു്
എഴുതുന്നതു്.

"......... While blessing you and your work I earnestly wish every Catholic to give you practical help that you may be able to multiply the numbers of the Carmel Series soon".

† P. PISANI,
Archb. of Constance,
Delegate Ap. to the E. Indie.

---

റി. വ. ദിവ്യശ്രീ എറണാകുളം മെത്രാനച്ചൻ
തിരുമനസ്സിലെ സെക്രട്ടറി പയ്യപ്പള്ളിൽ ബ. മത്തായി
അച്ചൻ എഴുതുന്നതു്:

പ്രി. ബ. അച്ചാ,

ഗ്രന്ഥാവലിക്കാര്യത്തിൽ പൊതുജനങ്ങളുടെ സഹായം വേണ്ടപോലെയുണ്ടാകാത്തതിനാൽ അച്ചൻ വളരെ ബുദ്ധിമുട്ടുന്നുവെന്നു കേട്ടു ദുഃഖിക്കുന്നു. എങ്ങനെയെങ്കിലും മുന്നോട്ടു നടത്തിക്കൊണ്ടുപോകുന്നതിനു ശ്രമിക്കണമെന്നു പിതാവു പ്രത്യേകം ആഗ്രഹിക്കുന്നു. ഇവിടെനിന്നു പാടുള്ള സഹായങ്ങൾ ചെയ്യുന്നതാണ്. ഓരോ ലക്കത്തിന്റെയും നൂറു കോപ്പികൾ വി. പി. ആയിട്ടു എന്റെപേർക്കു അയച്ചുതരണം..."

# പ്രസ്താവന.

മദ്രാസിൽവെച്ചു നടത്തിയ മഴ്ത്ഥമഹാസഭയുടെ ഉൽഘാടനാവസരത്തിൽ ബോംബെ ആർച്ചുബിഷോപ്പു ഡോക്ടർ ഗുഡിയർ അവ:കൾ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറകയുണ്ടായി: "കേവലം റോമാസഭയ്ക്കു പുറമെ മറേറതു ഇന്ത്യയിലുള്ള സഭയ്ക്കു കഴിയുന്നതുപോലെ ക്രൈസ്തവമതത്തെ സംബന്ധിച്ചു അത്ര ദീഘവും അവിഛിന്നവുമായ ഒരു ഐതിഹ്യത്തെ കുറിച്ചു അഭിമാനിക്കുവാൻ യാതൊരു സഭയ്ക്കും സാധിക്കയില്ലെന്നു നാം ഗ്രഹിക്കുന്നതു നമുക്കു ഒരു വലിയ കാൎയ്യമാകുന്നു. നാം അപ്പോസ്തോലന്മാരിൽനിന്നു തന്നെ വന്നവരാണെന്നു സത്യമായ അത്ഥത്തോടുകൂടെ പറയാം............ നമുക്കു മതസംസ്കാരത്തിനു കീഴ പെടേണ്ടിവന്നിട്ടില്ല. നമ്മുടെ പിതാക്കന്മാർ എ ചെയ്തുവോ, എന്തു വിശ്വസിച്ചുവോ, ഏതുപ്രകാരമുള്ളവർ ആയിരുന്നുവോ, അപ്രകാരം തന്നെ നാം ഇന്നും ആയിരിക്കയും, നാം വിശ്വസിക്കയും, നാം പ്രവത്തിക്കയും ചെയ്യുന്നു. നമ്മുടെ ഭൂമിയിൽ പാഷണ്ഡമതം വളരുകയുണ്ടായിട്ടില്ല. ഈ രാജ്യത്തു ഇപ്പോൾ ഏതെല്ലാം അപൂവ്വമതങ്ങൾ ഉണ്ടോ അവ ഈ നാട്ടിലുള്ളവയോ സൃഷ്ടിക്കപ്പെട്ടവയൊ അല്ല. അവയെല്ലാം പുറമെനിന്നു വന്നവയാകുന്നു—" ക്രിസ്തീയ പുനരൈക്യം എന്ന ഈ ഉപന്യാസത്തിൽ മുകളിൽ ഉദ്ധരിക്കപ്പെട്ട വാക്യങ്ങളിൽ കാണുന്ന അംശങ്ങളെ ഞാൻ സവിസ്തരം വണ്ണിക്കയാണ് ചെയ്തിട്ടുള്ളത്.

സി. എ.

# ക്രിസ്തീയ പുനരൈക്യം.

ക്രിസ്തീയ പുനരൈക്യം എന്ന പേരിൽ കോട്ടയത്തെ ഏതാനും പ്രോത്തെസ്റ്റാന്തുകാർ ചെയ്തുവരുന്ന ചില പ്രവൃത്തികളെക്കുറിച്ച് ഒരു ഇംഗ്ലീഷ് കടലാസിൽ കോട്ടയത്തുനിന്നു ഒരു ലേഖകൻ എഴുതിയിട്ടുള്ള സംഗതികൾ രസാവഹങ്ങളും മലയാളത്തിലെ എല്ലാ ക്രിസ്ത്യാനികളും അറിയേണ്ടവയുമാകയാൽ അവയെ താഴെച്ചേൎക്കുന്നു ഈ വിഷയത്തെ സംബന്ധിച്ചുള്ള എന്റെ അഭിപ്രായങ്ങൾ വഴിയെ പറഞ്ഞുകൊള്ളാം.

## ഐക്യസിദ്ധിക്കുള്ള ഉപായം.

"സി. എം. എസ്. കോളെജിന്റെ പ്രിൻസിപ്പലായി റവ. ഡബ്ളിയൂ. എസ്. ഹോളണ്ട് വന്ന മുതൽക്ക് നാലു മെമ്പർമാരുള്ള ഒരു കമ്മിററിയിൽ ചില ഗൂഢാലോചനകൾ നടന്നുകൊണ്ടിരിക്കുന്നു. ആ മെമ്പർമാർ മെസ്സേഴ്സ് ജോൺ കുഴ്യൻ, ജോൺ ചാണ്ടി, കെ. ജോൺ, റവ. ടി. കെ ബെഞ്ചമിൻ എന്നിവരും അദ്ധ്യക്ഷൻ മിസ്റ്റർ ഹോളണ്ടുമാകുന്നു. സ്ഥലത്തെ സി. എം. എസ്. കോളേജ് ആലുവായിലെ യൂണിയൻ ക്രിസ്ത്യൻ കോളെജിന്റെ അധികൃതന്മാൎക്ക് ഏല്പിച്ചുകൊടുക്കുക എന്നതാണ് ആലോചനാവിഷയം.

## വിരോധം.

ക്രമേണ ഈ രഹസ്യ സംഘത്തിന്റെ ആലോചനകൾ വെളിപ്പെട്ടു തുടങ്ങുകയും സ്ഥലത്തെ കോളെജും യൂണിയൻ കോളെജും ഒന്നിച്ചു കൂട്ടുന്നതിനെപ്പററി ഇവിടെയുള്ള ആംഗ്ലിക്കൻ സഭയിലെ ജനസാമാന്യത്തിനു കഠിന മനോവേദനയും ഉഗ്രകോപവും ഉണ്ടാകുവാൻ തുടങ്ങുകയും ചെയ്തു. ജനസാമാന്യത്തിന്റെ അഭിപ്രായം തന്റേതിനു

വിരുദ്ധമാണെന്നു മിസ്റ്റർ ഹോളണ്ടിനു അറിയാമെങ്കിലും അ
ദ്ദേഹം സിദ്ധാന്തത്തോടു കൂടിയിരിക്കുന്നു. എന്നു മാത്രമല്ല,
സ്ഥലത്തെ കോളെജ് ചർച്ച്മിഷ്യനറി സഭയുടെ തനതു
മുതലാണെന്നും തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള ആംഗ്ലിക്ക
ൻ സഭയുടെ അംഗങ്ങൾക്ക് ആ കാര്യത്തിൽ യാതൊരു അധി
കാരവുമില്ലെന്നും സ്ഥലത്തെ കോളെജ് യൂണിയൻകോളെജു
കാർക്ക് ഏല്പിച്ചുകൊടുക്കുന്നകാര്യം നിർവ്വഹിക്കാനായിട്ടാണ് താൻ
കോട്ടയത്തു വന്നിരിക്കുന്നതെന്നും മിസ്റ്റർ ഹോളണ്ട് തുറന്നുപ്ര
സ്താവിക്കുക്കൂടിയുണ്ടായി. മിസ്റ്റർ ഹോളണ്ടിന്റെ സിദ്ധാന്തത്തിൽ
അദ്ദേഹത്തെ സഹായിക്കുന്ന ഏതാനും ആംഗ്ലിക്കൻ നേതാക്ക
ന്മാരുമുണ്ട്. അവർ മിസ്റ്റർ ജോൺ കുര്യനും, ജസ്റ്റീസ് മിസ്റ്റർ
പി. ചെറിയാനും, ജസ്റ്റീസ് മിസ്റ്റർ പി. ഐ. വറുഗീസുമാകു
ന്നു. ഈ സംഗതി മിക്കവാറും പരമകാഷ്ഠയെ പ്രാപിക്കയും
ആംഗ്ലിക്കൻ സഭാംഗങ്ങളുടെ ഹൃദയത്തിലുള്ള രക്തം കവിഞ്ഞൊ
ഴുകുമാറു തിളയ്ക്കുകയും ചെയ്കയാൽ ഒരു വലിയ പൊതുജനയോ
ഗം കൂടുന്നതിന്റെ ആവശ്യകതയുണ്ടായി. അതനുസരിച്ചു കോ
ട്ടയത്തെയും സമീപസ്ഥലങ്ങളിലെയും ആംഗ്ലിക്കൻ നിവാസികളു
ടെ ഒരു മഹായോഗം ഇക്കഴിഞ്ഞ സെപ്തംബർ 24-ാനു- ശ
നിയാഴ്ച ഇടവകഹോളിൽ വെച്ചു കൂടുകയും ചെയ്തു. അതി
ന്റെ അദ്ധ്യക്ഷൻ മിസ്റ്റർ പി. എം. വർക്കി ആയിരുന്നു. സി.
എം. എസ്. കോളെജ് ആലുവായിലെ യൂണിയൻ കോളെ
ജിനോടു ചേർക്കണമെന്നുള്ള അഭിപ്രായത്തെ പ്രതിഷേധിക്ക എ
ന്നതായിരുന്നു യോഗോദ്ദേശ്യം. ഈ അവസരത്തിൽ ഇടവകക്കാ
ർ ഏകദേശം എല്ലാവരും ഹാജരുണ്ടായിരുന്നു. സഭാനാഥൻ ഒ
രു ചെറിയ പ്രസംഗംകൊണ്ടു യോഗോദ്ദേശ്യത്തെ പ്രസ്താവിച്ച
ശേഷം താഴെച്ചേർക്കുന്ന നിശ്ചയങ്ങൾ അവിടെ പാസാക്ക
പ്പെട്ടു:-

1. കഴിഞ്ഞ ഒരുനൂറു വർഷങ്ങൾക്കിടയിൽ ചർച്ച്മിഷ്യ
നറി സൊസൈററി തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള ആം
ഗ്ലിക്കൻ സഭയ്ക്കു ഈശ്വരപര്യവേക്ഷണത്താൽ ചെയ്തിട്ടുള്ള നാ
നാംഗുണങ്ങളെ ഈ യോഗം പരിപൂർണ്ണമായി അഭിനന്ദിച്ചു രേഖ
പ്പെടുത്തുന്നു.

2. കോട്ടയത്തെ സി. എം. എസ്. കോളെജ് ആലുവാ

യിലെ യൂണിയൻക്രിസ്ത്യൻ കോളെജിനോടു കൂട്ടിച്ചേക്കണമെന്നുള്ള അഭിപ്രായത്തെ ഈ യോഗം നിശ്ശേഷം വിസമ്മതിക്കുകയും, ഈ കാൎയ്യത്തിൻെറ അവസാനതീൎപ്പു ചെയ്യുന്നതിനു മുമ്പു സഭക്കാരുടെ അഭിപ്രായം അറിയേണ്ടതാണെന്നു അധികൃതന്മാരോടു അപേക്ഷിക്കയും ചെയ്യുന്നു.

3. അടുത്ത ഒക്ടോബർമാസത്തിൽ ഇവിടെ എത്തുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന സി. എം. എസ്. പ്രതിനിധികളെ ഈ സംഗതി ഗ്രഹിപ്പിക്കണമെന്ന് ഈ യോഗം ബിഷോപ്പവർകളോടു അപേക്ഷിക്കുന്നു.

4. തിരുവിതാംകൂർ, കൊച്ചി, മഹാ ഇടവകയിലെ അനേക വിദ്യാഭ്യാസസ്ഥാപനങ്ങളും സഭവക കെട്ടിടങ്ങളും ഇവിടെയുള്ള സഭക്കാരുടെ ഭരണത്തിനും മേൽനോട്ടത്തിനുമായി സി. എം. എസ്. അധികൃതന്മാർ ഏല്പിച്ചുകൊടുക്കണമെന്ന് ഈ യോഗം അവരോട് അപേക്ഷിക്കുന്നു.

5. സി. എം. എസ്. കോളെജിനോട് അനുബന്ധിച്ചിട്ടുള്ള കുപ്പെളയിൽ അടുത്ത കാലത്തു് പ്രവേശിപ്പിച്ചിരിക്കുന്ന പുതിയ ആരാധനാസമ്പ്രദായം അവിടെ പതിവായി നടന്നുവന്നിട്ടുള്ള ആരാധനാരീതിക്കു വിരുദ്ധമാകയാൽ ഈ യോഗം അതിനെ വിസമ്മതിക്കുന്നു.

6. ഈ നിശ്ചയങ്ങളെ അധികതാമസംകൂടാതെ ബിഷോപ്പവർകളുടെ സമക്ഷത്തിൽ ഹാജരാക്കുന്നതിനു അദ്ദേഹത്തെ ചെന്നുകാണ്മാൻ മെസ്സേഴ്സ കെ. കോശി, പി. എം. വൎക്കി, ജി. അലക്സാണ്ടർ മുതലായവരുൾപ്പെടുന്ന ഒരു കമ്മിററി സ്ഥാപിക്കേണ്ടതാകുന്നു.

7. ഈ നിശ്ചയങ്ങളുടെ ഒരു പ്രതി ബിഷോപ്പവർകൾക്കും മദ്രാസിലെ സി. എം. എസ്. സെക്രട്ടറിക്കും കോളെജ് പ്രിൻസിപ്പലിനും കോൺഫ്ററൻസിലേക്കും മററും അയച്ചുകൊടുക്കേണ്ടതാകുന്നു.

"രണ്ടാമത്തെ നിശ്ചയം അവതരിപ്പിക്കവേളയിൽ, മുൻപറഞ്ഞ സംയോജനം നിവൃത്തിക്കപ്പെടാത്തപക്ഷം താനും മിസ്റ്റർ സ്കൂപയറും സ്ഥലം വിട്ടു പോകുമെന്നു മിസ്റ്റർ ഫോളണ്ടു ഭീഷണി പറയുന്നതായി മിസ്റ്റർ ജി. അലക്സാണ്ടർ പ്രസ്താവിച്ചു. ഇതുമാതിരിയുള്ള ഭീഷണികൾകൊണ്ടു ജനങ്ങളെ ഭയപ്പെടുത്തുന്ന

കവണ്ണം മിസ്റ്റർ ഹോളണ്ടു ആരാണെന്നും അദ്ദേഹം ചോദിക്കുയും മിസ്റ്റർ ഹോളണ്ടു കോളെജിന്റെ പ്രിൻസിപ്പൽ സ്ഥാനം സ്വീകരിച്ചതു സ്ഥലത്തെ ആംഗ്ലിക്കന്മാരിൽ ചിലർ അദ്ദേഹത്തിന്റെ കാൽക്കൽ കണ്ണുനീരുകളോടുകൂടെ സാഷ്ടാംഗമായി വീണു അപേക്ഷിച്ചതിന്റെ ഫലമാണെന്നു മിസ്റ്റർ ഹോളണ്ടിന്റെ ഭീഷണികൾകൊണ്ടു തോന്നിപ്പോകുമെന്നു പറകയും ചെയ്തു. സ്ഥലത്തെ യുവാക്കന്മാക്കു മിസ്റ്റർ ഹോളണ്ടിന്റെ വേർപാടിനാൽ വിദ്യാഭ്യാസസംബന്ധമായ തന്റെ വരങ്ങളും പ്രാപ്തിയും നഷ്ടമായി പോകുന്ന പക്ഷം അദ്ദേഹം കഴിയുന്ന വേഗം സ്ഥലം വിട്ടു പൊയ്ക്കൊള്ളട്ടെ, ആ ഒഴിവിനെ പൂരിപ്പിക്കുവാൻ മറ്റാളുകളുടെ ദൌർല്ലഭ്യം ഉണ്ടാകുന്നതല്ലാ എന്നും മിസ്റ്റർ അലക്സാണ്ടർ പറഞ്ഞു. യൂണിയൻ കോളേജിലെ ഐക്യമെന്നതു സംസ്കാര വിഹീനന്മാരും ചെറുപ്പക്കാരുമായ അഞ്ചു ശ്രദ്ധോന്മത്തന്മാരുടെ ഒരു ഐക്യം മാത്രമാണെന്നും, അതാതു സമുദായങ്ങളുടെ സഭയോ ബിഷപ്പുമാരൊ സ്വീകരിച്ചിട്ടുള്ള ഒരു ഐക്യമല്ലെന്നും യൂണിയൻ കോളേജിന്റെ ഭാവി കണ്ടറിയാനിരിക്കുന്നതാകയാൽ ഒരു നൂറു വഷത്തിലധികം നിലനിൽപ്പും ശ്രുതിയും ക്രമാനുസരണമായ ഭരണവും കാൎയ്യോപയുക്തങ്ങളായ ഫലങ്ങളും ഉള്ള ഒരു കോളേജിനെ കൂണുപോലെ വേഗം മുളച്ചുവന്നതും സ്വല്പകാലത്തേക്കു നിലനിന്നിട്ടുള്ളതുമായ ഒരു കോളേജിന്റെ അധികൃതന്മാക്കു ഏല്പിച്ചുകൊടുക്കുന്നതു മൌഢ്യത്തിന്റെയും അനുപപത്തിയുടെയും മൂദ്ധന്യമായിരിക്കുമെന്നും മിസ്റ്റർ അലക്സാണ്ടർ പറഞ്ഞു.

“മിസ്റ്റർ ഹോളണ്ട് പ്രിൻസിപ്പൽ ജോലിയിൽ പ്രവേശിച്ച കാലം മുതൽക്കു മുൻപറഞ്ഞ കപ്പേളയിൽ വിദ്യാൎത്ഥികളുടെ പ്രഭാത പ്രാൎത്ഥനയ്ക്കു് ആംഗ്ലിക്കൻകാരുടെയും യാക്കോബായക്കാരുടെയും നവീകരണക്കാരുടെയും ഒരു മിശ്രാരാധനാസമ്പ്രദായം നടപ്പാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി പ്രാൎത്ഥനാസമയത്തു ചിലർ നിൽക്കുയും, ചിലർ ഇരിക്കുയും, ചിലർ മുട്ടുകുത്തുകയും, ചിലർ കിഴക്കോട്ടും, ചിലർ വടക്കോട്ടും, ചിലർ തെക്കോട്ടും, തിരിഞ്ഞുകൊണ്ടിരിക്കുയും, ചിലർ നെറ്റിയിലും ചിലർ തോളിലും കുരിശടയാളങ്ങൾ വരയ്ക്കുയും മറ്റും ചെയ്യുന്നു. ഇങ്ങനെ കപ്പേളയിലെ പുതങ്ങിയ പ്രഭാത പ്രാൎത്ഥന

നാനാവിധത്തിലുള്ള ആരാധനാസംപ്രദായങ്ങളുടെ ഒരു കൂട്ടനിലവിളിയാക്കിയിരിക്കുന്നു. ഇതു നിമിത്തമാണ് അഞ്ചാമത്തെ നിശ്ചയം ആവശ്യമായിവന്നതു്. മേൽപ്പറഞ്ഞ കപ്പേള സമപ്പിതമായ ഒരു ദേവാലയമല്ലാത്തതിനാൽ പ്രാത്ഥനയിൽ എന്തു ഭേദമെങ്കിലും വരുത്തുവാനും ഏതു ആരാധനാസംപ്രദായത്തെ പ്രവേശിപ്പിക്കുവാനും കോളജിന്റെ പ്രിൻസിപ്പലിനു പൂൎണ്ണമായ അധികാരവും അവകാശവും ഉണ്ടെന്നു റവ. ടി. കെ. ബഞ്ചമിൻ ഈ നിശ്ചയത്തെ സംബന്ധിച്ചു പറകയുണ്ടായി. അപ്പോൾ മിസ്റ്റർ ടി. വി. തോമസ്, ബി. ഏ., ബി. എൽ., മിസ്റ്റർ ബെഞ്ചമിനെ എതിർത്തു. പ്രസ്തുത കപ്പേള ൧൮൫൦-ൽ മദ്രാസ് ബിഷോപ്പിനാൽ സമപ്പിതമാണെന്നും ആ സംഗതി താൻ ഡയോസീസൻ റിക്കാർട്ടിൽ വായിച്ചിട്ടുണ്ടെന്നും ആ കാലംമുതൽക്കു ഹോളികൊമ്മ്യൂണിയൻ, വിവാഹം, ജ്ഞാനസ്നാനം മുതലായ മതസംബന്ധമായ എല്ലാ കമ്മങ്ങളും കപ്പേളയിൽ വച്ചു നടത്തപ്പെട്ടിട്ടുണ്ടെന്നും കപ്പേളയുടെ മേലുള്ള ഭരണാധികാരം പ്രിൻസിപ്പലിനല്ല, വ്യവസ്ഥിത സഭയുടെ ഭരണാധികൃതന്മാക്കാണുള്ളതെന്നും തക്കിക്കയും അപ്പോൾ മിസ്റ്റർ ബെഞ്ചമിൻ നിശ്ശബ്ദനായി, ഉത്തരം മുട്ടിപ്പോവുകയും ചെയ്തു.

യോഗം അവസാനിക്കാറായപ്പോൾ മിസ്റ്റർ ഹോളണ്ട് സത്യവാനും ശുദ്ധനും നിഷ്കപടാശയനും, വിശാലമനസ്കനും പ്രബലനും ആണെന്നും അദ്ദേഹത്തിന്റെ സകല പ്രവൃത്തികളും സദുദ്ദേശ്യത്തോടുകൂടിയവയാണെന്നും ആയതുകൊണ്ടു മിസ്റ്റർ ഹോളണ്ടു പറയുന്നതും പ്രവത്തിക്കുന്നതും ആരും തെററിദ്ധരിക്കരുതെന്നും മിസ്റ്റർ ജോൺ ചാണ്ടി സഭയിൽ പ്രസ്താവിച്ചു. ഇതിനു മിസ്റ്റർ അലക്സാണ്ടർ സ്വാഭിപ്രായപ്രകടനത്തിൽ ആരും തെററിദ്ധരിക്കരുതെന്നും രണ്ടു സുറിയാനിസമുദായങ്ങൾ തമ്മിലുള്ള വലിയ തക്കത്തിനുവേണ്ടി അവർ ദുർവ്യവഹാരം ചെയ്തു് അനേക ചാക്കുകൾ പണം ചിലവുചെയ്തുകൊണ്ടിരിക്കെ ആ ഇരുകക്ഷികളേയും യോജിപ്പിക്കുന്ന കാൎയ്യത്തിൽ മിസ്റ്റർ ഹോളണ്ടിന്റെ പ്രാബല്യം ഉപയോഗിച്ചിരുന്നെങ്കിൽ ക്രിസ്തീയ സമുദായത്തിനു ആകെ ഒരു വലിയ അനുഗ്രഹമാകുമായിരുന്നുവെന്നും, മദ്രാസിൽനിന്നും വരുന്ന വക്കീലന്മാക്കു പ്രതിദിനം ഏകദേശം ഓരായിരം ഉറുപ്പികയും അവരുടെ സ്ഥിരപ്പീസുകളും

ഒന്നാംക്ലാസ് യാത്രച്ചിലവും മററും കൊടുക്കുന്നതുകൊണ്ടുള്ള ദുർവ്യയത്തിൻെറ സംഖ്യകൊണ്ടു യൂണിയൻ കോളേജിനു ലാബൊറേട്ടറി മുതലായ ഉപകരണങ്ങൾ നിമ്മിക്കുവാൻ വേണ്ടുവോളം മതിയാകുമെന്നും, ഒരു നൂറിലധികം സംവത്സരങ്ങളായിട്ടു സമാധാനത്തോടും ശാന്തതയോടും കൂടെ നടന്നുവരുന്ന സി. എം. എസ്. കോളേജിൻെറ കാൎയ്യത്തിൽ കടന്നു പ്രവേശിക്കുന്നതിനു പകരം മിസ്റ്റർ ഹോളണ്ടു അയാളുടെ പ്രാബല്യത്തെ ശരിയായ വഴിക്കാണ് പ്രയോഗിക്കേണ്ടിയിരിക്കുന്നതെന്നും പ്രസ്താവിച്ചു.

## വാദപ്രതിവാദം.

"സി. എം. എസ്. കോളെജ് ആലുവായിലെ യൂണിയൻ ക്രിസ്ത്യൻ കോളേജിനോടുകൂടി ചേക്കുന്ന കാൎയ്യത്തിൽ പ്രതിഷേധയോഗം പാസാക്കിയ നിശ്ചയത്തെ അനുസരിച്ചു, ഒരു പ്രതിപുരുഷസംഘം ബിഷോപ്പവർകളെ ചെന്നു കണ്ടു ഈ സംഗതികളെ സംബന്ധിച്ചു വാദപ്രതിവാദം ചെയ്തു. ഈ സംഘത്തിൽ എറണാകുളം കോളേജിൻെറ വൈസ് പ്രിൻസിപ്പലായിരുന്ന മിസ്റ്റർ കെ. കോഷിയും, അഞ്ചൽ സൂപ്രണ്ടായിരുന്ന മിസ്റ്റർ പി. എം. വക്കിയും, സ്കൂൾ അസിസ്റ്റണ്ടു ഇൻസ്പെക്ടർ മിസ്റ്റർ ജി. അലക്സാണ്ഡരും മററു ചിലരും ഉണ്ടായിരുന്നു. പ്രസ്തുത സംയോജനത്തെ പ്രതിഷേധിക്കുന്ന കാൎയ്യം ബിഷോപ്പവർകൾക്ക് അത്ര പിടിച്ചില്ല. ആ സംയോജനം കൊണ്ടു ഇവിടെയുള്ള എല്ലാ ക്രിസ്ത്യാനിവകുപ്പുകളേയും യോജിപ്പിക്കുവാൻ കരുതീട്ടുള്ളതാകയാൽ തൽസംബന്ധം പ്രതിപുരുഷസംഘം ഗൗരവമായി ആലോചിക്കേണ്ടതാണെന്ന് അദ്ദേഹം അവരോടുപദേശിച്ചു. ഈ അവസരത്തിൽ മൺറൊ തുരുത്തിൻെറ ദാനത്തെ സംബന്ധിച്ചു ഗൗരവമായ ഒരു നിയമച്ചോദ്യം ഉത്ഭവിക്കുവാൻ വഴിയുണ്ടെന്നുള്ള സംഗതിയും പൂൎണ്ണമായി പ്രതിപാദിക്കപ്പെട്ടു. ആ ദാനത്തിൻെറ ഉടമ്പടികൾപ്രകാരം അതിൻെറ മേൽനോട്ടം തിരുവിതാംകൂറിലുള്ള ചർച്ചുമിഷ്യനറി സഭയുടെ പൂജ്യന്മാരായ മിഷ്യനറിമാരുടെയും മദ്രാസിലെ സി. എം. എസ്. സെക്രട്ടറിയുടെയും ഭരണത്തിലിരിക്കേണ്ടതാകയാൽ അതിനെ കൈമാററം ചെയ്യുകയൊ അതിൻെറ മേൽനോട്ടത്തിൽ

പുതിയ കക്ഷികളെച്ചേൎക്കയൊ ചെയ്‌വാൻ പാടില്ലാത്തതാകു ന്നു. എന്നാൽ, ആ ദാനം കോളെജിനെ സംബന്ധിക്കയില്ലെ ന്നും ഹൈസ്ക്കൂളിനെ മാത്രമെ സംബന്ധിക്കയുള്ളു എന്നു മായിരുന്നു ബിഷോപ്പവൎകളുടെ അഭിപ്രായം. ഇതിനു പ്രതി പുരുഷസംഘക്കാർ പ്രസ്തുത ദാനം കോളെജിനു മാത്രമല്ല, അ തിനെ ഏതു നിലയിലേക്കെങ്കിലും ഉയൎത്തിയാലും ഒന്നാംഗ്രേഡ് കോളെജ് ആക്കിയാൽപോലും ആ ദാനം സംബന്ധിച്ചിരിക്കു മെന്നു തെളിവായി കാണിച്ചുകൊടുത്തു. അപ്പോൾ ബിഷോ പ്പവൎകൾ അവസാനമായി പറഞ്ഞതു് ഈ കാൎയ്യം രണ്ടിലേ തു വിധമാണു് തീരുമാനം ചെയ്യപ്പെടുക എന്നു വാഗ്ദാനം ചെയ്യാൻ തനിക്കു പാടില്ലെന്നും അടുക്കെ ഇവിടെ വരുവാനി രിക്കുന്ന സി. എം. എസ്. പ്രതിനിധിസംഘമാണു് ഈ സം ഗതി സഗൌരവം ആലോചിക്കേണ്ടവരെന്നും പരിപൂൎണ്ണമായ വാദപ്രതിവാദം ചെയ്‌വാൻ ആ പ്രതിനിധിസംഘത്തെ ഗ്രഹി പ്പിക്കുന്നതിനു അവൎക്കു പൂൎണ്ണസ്വാതന്ത്ര്യം ഉണ്ടെന്നും അതിനി ടയ്ക്കു പ്രസ്തുത സംയോജനത്തിനു അനുകൂലികളായ ആംഗ്ലിക്ക ൻ നേതാക്കന്മാരിൽ ചിലരെ പറഞ്ഞു സമ്മതിപ്പിക്കുവാൻ അ വർ ശ്രമിക്കേണ്ടതാണെന്നും പറഞ്ഞു. കുറെ ദിവസം കഴി ഞ്ഞപ്പോൾ ഒക്ടോബർ ൩-ാംനു- ആൻഡേൎസൺ ഹാളിൽ വ ച്ചു കൂടുവാനിരിക്കുന്ന ഒരു യോഗത്തിലേക്ക് മേൽപ്പറഞ്ഞ പ്ര തിപുരുഷസംഘത്തെ പ്രസ്തുത സംയോജനത്തെ സംബന്ധിച്ചു പൂൎണ്ണമായി വ്യവഹരിക്കുവാൻ ബിഷോപ്പവൎകൾ ക്ഷണിക്കുക യും, ആ യോഗത്തിൽ സംയോജനത്തിനനുകൂലികളായ മെസ്സേ ൎസ് ഹോളണ്ട്, ജോൺകുയ്ലൻ, കെ. ജോൺ, ജോൺ ചാ ണ്ടി എന്നിവരും റവ. ടി. കെ. ബെഞ്ചമിനും ഉണ്ടായിരിക്കുമെന്നു പറകയും ചെയ്തു. ഇപ്രകാരം ക്ഷണിച്ചതോടുകൂടെ ആ യോ ത്തിൽ തങ്ങൾ വരുന്നതിനുമുൻപു നല്ലവണ്ണം ആലോചിക്കുവാ നായി അഞ്ചു ചോദ്യങ്ങളെ ബിഷോപ്പവൎകൾ പ്രതിപുരുഷ സംഘത്തെ ഗ്രഹിപ്പിക്കയുണ്ടായി. ആ ചോദ്യങ്ങൾ താഴെപ്പ റയപ്പെടുന്നവയാകുന്നു.

## ബിഷോപ്പിന്റെ ഉപദേശം

1. ലണ്ടനിലെ സി എം. എസ്. കമ്മിററിയും ഇന്ത്യയിലെ വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളെ നോക്കുമ്പോൾ കോളെജും സ്കൂളും അവ ഇപ്പോൾ ഇരിക്കുന്ന സ്ഥാനങ്ങളിൽതന്നെ മേലിലും സ്ഥിതിചെയ്തുകൊണ്ടിരിക്കുന്നതു അഭിലഷണീയമോ?

2. ചർച്ച് മിഷ്യനറിസഭയ്ക്കോ ഈ മഹാഇടവകയിലെ ആംഗ്ലിക്കൻ സഭയ്ക്കോ വടക്കൻ തിരുവിതാംകൂറിൽ അതിന്റെ തനതുവകയായി നിവാസത്തിനുതകുന്ന ഒരു ഒന്നാംഗ്രേഡ് കോളെജു പണിചെയ്ത്, ഉപകരണങ്ങൾ ഒരുക്കി, നിലനിറുത്തുവാൻ കഴിയുമോ?

3. വടക്കൻ തിരുവിതാംകൂർകാർക്കു ഒന്നിലധികം ഒന്നാംഗ്രേഡ് ക്രിസ്ത്യൻ കോളെജ് പണിചെയ്ത്, ഉപകരണങ്ങൾ ഒരുക്കി നിലനിറുത്തുവാൻ കഴിയുമോ? എന്നതന്നെയല്ല ഒന്നിലധികം ആ തരം കോളെജിനെ മദ്രാസ് സർവ്വകലാശാല അനുവദിക്കുമോ?

4. ഐക്യമുള്ള ഒരു ക്രിസ്ത്യൻ കോളെജോ ഒരു ആംഗ്ലിക്കൻ കോളെജോ, ഇവയിൽ ഏതാണ് തിരുവിതാംകൂർ ക്രിസ്ത്യാനികൾക്കു ഏററവും ക്ഷേമദമായിരിക്കുക?

5. ഈ വിഷയത്തിൽ ലണ്ടനിലെ സി. എം. എസ്. കമ്മിററിയുടെ പ്രസിദ്ധീകൃതമായ ആഗ്രഹം എന്താകുന്നു?

## യോഗവും ഫലവും.

“മേൽപറഞ്ഞ ക്ഷണിപ്പനുസരിച്ചു പ്രതിപുരുഷസംഘത്തിന്റെ മെമ്പർമാരും കമ്മിററിക്കാരും യോഗംകൂടി. ബിഷോപ്പവർകൾ അതിൽവെച്ചു ചെയ്ത പ്രാരംഭപ്രസംഗത്തിൽ ഇവിടെയുള്ള എല്ലാത്തരം ക്രിസ്ത്യാനികളുടേയും ഒരു യോജിപ്പ് ഇംഗ്ലണ്ടിലെ സി. എം. എസ്. കമ്മിററിക്കാർ വളരെക്കാലമായി ആഗ്രഹിച്ചിരിക്കുന്ന ഒരു സംഗതിയാണെന്നും സി. എം. എസ്. കോളെജും യൂണിയൻ കോളെജും കൂട്ടിച്ചേർക്കുന്നതു് ഈ ഉദ്ദേശ്യത്തിന്റെ ഒന്നാമത്തെ പടിയാണെന്നും, റവ. ടി. എൻ. ആസ്റ്റിത്ത് കോളെജിന്റെ പ്രിൻസിപ്പലായിരുന്നപ്പോൾ ഈ

കാൎയ്യത്തിൽ അയാളുടെ അഭിപ്രായം എന്താണെന്ന് ഇംഗ്ലണ്ടിലെ കമ്മിററിക്കാർ അയാളോടു പലതവണയും ചോദിച്ചുവെങ്കിലും സംയോജനത്തെ മിസ്റ്റർ അസ്കിത്ത് സിദ്ധാന്തത്തോടുകൂടെ എതിൎക്കയാൽ പ്രിൻസിപ്പൽ ജോലി രാജിവെക്കുവാൻ മിസ്റ്റർ അസ്കിത്തിനോടു ആവശ്യപ്പെട്ടുവെന്നും, അയാൾക്കു പകരം റെവ. ഹോളണ്ടിനെ തെരഞ്ഞെടുത്തു എന്നും ഒരു ഒന്നാംഗ്രേഡ് യൂണിയൻ കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനം വഹിക്കുവാനുള്ള അദ്ദേഹത്തിന്റെ പ്രാപ്തിയും ഉന്നതയോഗ്യതയും നിമിത്തം റെവ. ഹോളണ്ട് ഉത്തമനായ ഒരാളാണെന്നു ഗണിക്കപ്പെട്ടുവരുന്നുവെന്നും പ്രസ്താവിച്ചു. ചോദ്യങ്ങളെ എല്ലാം ദീൎഘമായി പൎയ്യാലോചന ചെയ്തുവെങ്കിലും പ്രസ്തുതകാൎയ്യം വെറും സംവാദത്തിന്റെ ഒരു ഘട്ടത്തെ പ്രാപിച്ചതേയുള്ളു. ഇതുകഴിഞ്ഞപ്പോൾ നേരം കുറെ വൈകി രാത്രിയായിപ്പോയതിനാൽ യോഗനടപടി ഒക്ടോബർ ൧൭-ാനു- ശനിയാഴ്ച വീണ്ടും തുടരുവാനായി തൽക്കാലം നിറുത്തിവെച്ചു. ഇംഗ്ലണ്ടിൽനിന്നും വരുന്ന പ്രതിനിധിസംഘത്തെ ഗ്രഹിപ്പിക്കുവാനുള്ള നാനാകാൎയ്യങ്ങളെക്കുറിച്ചു ആലോചനകൾ ചെയ്യുവാൻ പല കമ്മിററികളെയും നിൎമ്മിച്ചിട്ടുണ്ടെന്നും ഓരോ കമ്മിററി വിളിച്ചുകൂട്ടുവാൻ ആളുകളെ നിയമിച്ചിട്ടുണ്ടെന്നും, ആവക കമ്മിററികളുടെ ആലോചനകൾ മിക്കവാറും ഗൂഢവും രഹസ്യവുമായി വെച്ചിരിക്കയാണെന്നും അവയിലൊന്നുംതന്നെ പുറത്തു വിട്ടിട്ടില്ലെന്നും സംയോജനത്തിന്റെ കാൎയ്യത്തെക്കുറിച്ചാലോചിക്കുവാൻ നിയമിച്ചിട്ടുള്ള കമ്മിററിയുടെ ആലോചനകൾ പുറത്തുപോയിട്ടുണ്ടെന്നും തക്കകാലത്തിനുമുമ്പു രഹസ്യങ്ങൾ ചോൎന്നുപോവുക നിമിത്തമാണ് ഈവക ബഹളവും പ്രതിഷേധവും ഉണ്ടായതെന്നും പറഞ്ഞു. ഇതു പറഞ്ഞ ഉടനെ മിസ്റ്റർ ജോൺ ചാണ്ടിക്കു ഒരുമാതിരി അവമാനം തട്ടിയപോലെ തോന്നുകയാൽ അദ്ദേഹം എഴുന്നേറ്റുനിൽക്കയും, മേലിൽ താൻ ആ കമ്മിററിയിലിരുന്നു യാതൊന്നും പ്രവൎത്തിക്കുന്നതല്ലെന്നു പറകയും ചെയ്തു.

"ആലുവായിലെ യൂണിയൻ കോളേജിന്റെ ശ്രദ്ധാവത്തന്മാരായ അഞ്ചു സംസ്ഥാപകന്മാരിൽ മിക്കപേരും ഇവിടെ (കോട്ടയത്തു) വന്ന് റെവ. ഹോളണ്ടുമായി ആലോചനകൾ നടത്തുന്നപ്രകാരം കാണപ്പെടുന്നുണ്ട്. ഇവിടേക്കുള്ള അവരുടെ

ആഗമനത്തിൻെറ ഉദ്ദേശ്യം രഹസ്യമാണെന്നാണ പറയപ്പെട്ടുന്നത്."

## വിമർശം.

കോട്ടയത്തു സംഭവിച്ചിട്ടുള്ളതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായി പറയുന്ന സംഗതികൾ യഥാൎത്ഥമാണെങ്കിൽ അവയും അവയുടെ അടിയിൽക്കിടക്കുന്ന ഉദ്ദേശ്യങ്ങളും ഈ നാട്ടിലെ എന്നുവച്ചാൽ കേരളത്തിലെ, നാനാവിഭാഗങ്ങളായ ക്രിസ്ത്യാനികളുടെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയമായിത്തീരേണ്ടതാകുന്നു.

മിസ്റ്റർ ഹോളണ്ടിനെ ഇവിടേക്കയച്ചിരിക്കുന്നതു് ആലുവായിലെ ക്രിസ്ത്യൻ യൂണിയൻ കോളേജും കോട്ടയത്തെ സി. എം. എസ് കോളേജും കൂട്ടിച്ചേർക്കുന്നതിനാണെന്നും അതു സാധിക്കാത്തപക്ഷം താൻ മടങ്ങിപ്പോകുമെന്നും അദ്ദേഹം പ്രസിദ്ധമായി പറഞ്ഞിരിക്കുന്നുവത്രെ കോട്ടയത്തുള്ള ആംഗ്ലിക്കൻ ബിഷോപ്പവർകൾ ഈകാൎയ്യത്തിൽ എതിർകക്ഷികളുടെ പ്രതിപുരുഷസംഘക്കാരോടു മേൽപ്പറഞ്ഞ വിദ്യാശാലകളുടെ സംയോജനം ഇവിടെയുള്ള എല്ലാ ക്രിസ്ത്യാനിവകുപ്പുകളേയും ഐക്യപ്പെടുത്തുവാനുള്ള ഉദ്ദേശ്യത്തിൻെറ ഒന്നാമത്തെ പടിയാണെന്നും കോട്ടയം കോളേജ് പ്രിൻസിപ്പലായിരുന്ന മിസ്റ്റർ ആസ്റ്റിത്ത് ഈ അഭിപ്രായത്തിനു പ്രതികൂലിയായിരുന്നതിനാൽ ലണ്ടനിലെ ചർച്ച്മിഷ്യനറിസഭക്കാർ അദ്ദേഹത്തെ രാജിവെപ്പിച്ചു മടക്കിവിളിക്കയുണ്ടായി എന്നും പറഞ്ഞു. ഇതിൽനിന്നു് ചർച്ച്മിഷ്യനറിസഭക്കാരുടെ കേരളീയ ക്രിസ്ത്യാനികളെ സംബന്ധിച്ചുള്ള നയം എന്താണെന്നു് ഒരുവിധം പ്രത്യക്ഷമാകുന്നുണ്ടു്. എന്നാൽ മേൽപ്പറഞ്ഞ രണ്ടു കോളേജുകളും സംയോജിപ്പിക്കുന്നതുകൊണ്ടു പ്രസ്തുതമായ ഐക്യം വന്നുകൂടുന്നതു് എങ്ങനെ? ഇതിനുള്ള ഉത്തരം ഇപ്പോൾ കോട്ടയം കോളേജിൻെറ കപ്പേളയിൽ നടത്തിവരുന്നതായിപ്പറയുന്ന മിശ്രപ്രാൎത്ഥനാസംപ്രദായത്തിൽനിന്നു് ആൎക്കും ഊഹിച്ചെടുക്കാവുന്നതാണു്. കോട്ടയം ലേഖകൻ അതിനെ ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നു:–

"മിസ്റ്റർ ഹോളണ്ടു് പ്രിൻസിപ്പൽജോലിയിൽ പ്രവേശിച്ച കാലംമുതൽക്കു മുൻപറഞ്ഞ കപ്പേളയിൽ വിദ്യാൎത്ഥികളുടെ പ്രഭാതപ്രാൎത്ഥനയ്ക്കു് ആംഗ്ലിക്കൻകാരുടേയും യാക്കോബായക്കാരു

ടേയും നവീകരണക്കാരുടേയും ഒരു മിശ്രാരാധനാസംപ്രദായം നടപ്പാക്കിയിരുന്നു. ഇതിന്റെ ഫലമായി പ്രാൎത്ഥനാസമയത്തു ചിലർ നില്ക്കുകയും, ചിലർ ഇരിക്കുകയും, ചിലർ മുട്ടുകുത്തുകയും, ചിലർ കിഴക്കോട്ടും, ചിലർ വടക്കോട്ടും, ചിലർ തെക്കോട്ടും തിരിഞ്ഞുകൊണ്ടിരിക്കുകയും, ചിലർ നെററിയിലും ചിലർ തോളിലും കുരിശടയാളങ്ങൾ വരയ്ക്കുകയും മററും ചെയ്യുന്നു. ഇങ്ങനെ കപ്പേളയിലെ ചുരുങ്ങിയ പ്രഭാതപ്രാൎത്ഥന നാനാവിധത്തിലുള്ള ആരാധനാസംപ്രദായങ്ങളുടെ ഒരു കൂട്ടനിലവിളിയാക്കിയിരിക്കുന്നു."

മുൻപറഞ്ഞ കോളേജുകളുടെ സംയോജനം ഉദ്ദേശ്യസിദ്ധിക്ക് ഒന്നാമത്തെ പടിയാണെങ്കിൽ, ഈ കൂട്ടനിലവിളി ശേഷം പടികളിലേക്കു കാലെടുത്തുവെക്കുന്നതിനുള്ള സന്നാഹമായിരിക്കാം. നവീകരണക്കാരും യാക്കോബായക്കാരും പ്രൊത്തെസ്റ്റാന്തുകാരുമായ വിദ്യാൎത്ഥികൾ അവരവരുടെ മതമനുസരിച്ചുള്ള പ്രാൎത്ഥനാരീതിയെ ഉപേക്ഷിച്ച് ഐകരീത്യം പ്രാപിക്കുന്നതെട്ടും എവിടെവെച്ചു തുടങ്ങുമെന്നുള്ള സാരവത്തായ ചോദ്യം ഇവിടെ ഉത്തരവിക്കാതെ കഴികയില്ല. അങ്ങനെയുള്ള ഒരു സന്ധി വരാതെയിരുന്നാൽ ഉദ്ദിഷ്ടമായ ഐക്യത്തിന് എന്തൎത്ഥമാണുള്ളതു്? ഈ ഉദ്ദേശ്യം താഴെപ്പറയുന്ന രണ്ടിലേതെങ്കിലും പ്രകാരത്തിലേ സാധിച്ചുകൂടു. ഒന്നാമതു്, മൂന്നുവൎഗ്ഗക്കാരും തങ്ങൾ ഇതുവരെ അനുചരിച്ചിട്ടുള്ള രീതികളെ കുറേശ്ശെ ഉപേക്ഷിച്ച് സൎവ്വസാധാരണമായ ഒരു രീതിയിലെത്തുക. പക്ഷേ അങ്ങനെയായാൽ ആ പുതിയ സമ്പ്രദായത്തിനും വിശ്വാസത്തിനും ഇതുവരെ ഉണ്ടായിട്ടില്ലാത്ത ഒരു പുതിയ പേർ കൊടുക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ അതു യാക്കോബായയോ നവീകരണമോ പ്രൊത്തെസ്റ്റാന്തോ ആയിരിക്കുവാൻ പാടില്ലല്ലോ. രണ്ടാമതു്, മൂന്നു വകുപ്പുകാരിൽ ഏതെങ്കിലും രണ്ടു കൂട്ടർ ഇപ്പോൾ ഉള്ള അവരുടെ മതവും പ്രാൎത്ഥനാക്രമവും പരിത്യജിച്ച് മൂന്നാമത്തേതിനെ സ്വീകരിക്കുക. എന്നാൽ ഇപ്രകാരം ചെയ്യുവാൻ മനസ്സുള്ള ക്രിസ്ത്യാനി വകുപ്പുകൾ ഉണ്ടാകുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

# പ്രധാന ക്രിസ്ത്യഗണങ്ങൾ

കേരളത്തിലെ പ്രധാനക്രിസ്ത്യാനി വകുപ്പുകൾ കത്തോലിക്കരും യാക്കോബായക്കാരും പ്രോട്ടെസ്റ്റാന്റുകാരും നവീകരണക്കാരുമാകുന്നു. ഇവരിൽ ആദ്യത്തെ ഗണം കാലദേശാവസ്ഥകളുടെ തരംപോലെ ലേശമെങ്കിലും സ്വമതാചാര പരിത്യാഗം ചെയ്യുന്നവർ അല്ലെന്നുള്ളതു് ലോകപ്രസിദ്ധമാണ്.

## യാക്കോബായമതം

മലങ്കരയിൽ യാക്കോബായ മതം വന്നുകൂടിയതിന്റെ ചരിത്രം വളരെ സംക്ഷേപിച്ചു ഇപ്രകാരം പറയാം. 1599-ൽ കൂടിയ ഉദയമ്പേരൂർ സൂനഹദോസിന്റെ ശേഷമുണ്ടായ ജെസ്യൂീത്ത് മെത്രാന്മാരുടെ ഭരണത്തിനിടയിൽ സുറിയാനി മെത്രാന്മാരെ കിട്ടുവാൻ റോമായ്ക്കയച്ച ഹർജികൾ കൊണ്ടു് ഉടനടി ഫലം കാണായ്കയാൽ 1650-നു ശേഷം പൌരസ്ത്യ സഭക്കാരായ പാത്രിയർക്കീസുമാരോടു ചെയ്ത അപേക്ഷയനുസരിച്ചു് 1653-ൽ അഹത്തുള്ള അഥവാ അവുദാലാഹാ എന്നു പേരുള്ള ഒരു കൽദായ മെത്രാൻ മൈലാപ്പൂരിൽ എത്തിയപ്പോൾ പോർത്തുഗീസുകാർ അദ്ദേഹത്തെ തടഞ്ഞു് കൊച്ചി വഴിക്കു് ഗോവയിലേക്കു കൊണ്ടുപോയി. സുറിയാനിക്കാർ ഈ സംഗതി അറിഞ്ഞു് കൊച്ചിയിൽ വന്നുകൂടി. മെത്രാനെ വിട്ടുകൊടുക്കുന്നതിനു പോർത്തുഗീസ് അധികാരികളോടപേക്ഷിച്ചു. എങ്കിലും അതുകൊണ്ടു് ഒരു ഫലവുമുണ്ടാകാഞ്ഞതിനാൽ കൊച്ചി, മട്ടാഞ്ചേരിപ്പള്ളിയുടെ കുരിശിന്മേൽ കയറുകെട്ടി എല്ലാവരും അതു പിടിച്ചു മേലിൽ ഒരിക്കലും ജസ്യൂീത്തു് മെത്രാനെ അനുസരിക്കുന്നതല്ലെന്നു സത്യം ചെയ്കയും പന്ത്രണ്ടു പട്ടക്കാർ കൂടി ആലങ്ങാട്ടുപള്ളിയിൽ വച്ചു തങ്ങളുടെ തോമ്മാ അർക്കദിയാക്കോനെ മെത്രാനായി സ്ഥാപിക്കയും ചെയ്തു. ഈ സംഗതി അക്കാലത്തു കൊച്ചിയിലുണ്ടായിരുന്ന കർമ്മലീത്താക്കാർ വഴിയായി റോമയിൽ അറിയിച്ചു. അതിൻപ്രകാരം കർമ്മലീത്താക്കാർ റോമയിൽനിന്നു വരികയും ചെയ്തു. ഒടുവിൽ കുറവിലങ്ങാട്ടു ഇടവകക്കാരനായ കടുക്കശ്ശേരി അല്ലെങ്കിൽ പള്ളിവീട്ടിൽ ചാണ്ടിമെത്രാനെ 1663-ൽ മെത്രാനായി വാഴിച്ചു. അനന്തരം സീസ്സായി

ൽ നിന്നവരിൽ ഭൂരിപക്ഷക്കാർ അനുപേക്ഷിച്ചു വീണ്ടും കത്തോലിക്കാ സഭയിൽ സ്ഥിരമായിനിൽക്കയുംചെയ്തു. തോമാ അർക്കദിയാക്കോൻെറ ഭാഗത്തു നിന്നവർ 1665–ൽ അന്ത്യോക്യായിൽനിന്നുവന്ന മാർ ഗ്രീഗോറിയോസ് എന്ന യാക്കോബായ മെത്രാനെ സ്വീകരിക്കയും അവർ യാക്കോബായമതം ഉപദേശിക്കപ്പെടുകയും ചെയ്തു. ഈ മതത്തിൻെറ സംസ്ഥാപകൻ 5–ാംശതാബ്ദത്തിൽ ജീവിച്ചിരുന്ന എവുത്തിക്കിയോസ് എന്ന ആളായിരുന്നു. അദ്ദേഹം കോൺസ്റ്റന്തിനോപ്പിൾ പട്ടണത്തിന്നടുക്കെയുള്ള ഒരു സന്യാസിമഠത്തിൻെറ ശ്രേഷ്ഠനായിരുന്നു. മ്ശിഹായിൽ ദൈവസ്വഭാവം മാത്രമേ ഉള്ളുവെന്നും അവതാരത്തിൽ മനുഷ്യരൂപധാരിയായിരുന്നുവെങ്കിലും മ്ശിഹാ കേവലം മനുഷ്യനായിരുന്നില്ല എന്നും ഇദ്ദേഹം പഠിപ്പിച്ചു. ഈ ഉപദേശം തെററാണെന്നു മഹാനായ ലെയോൻപാപ്പാ 451–ൽ കൂടിന്ന കൽക്കെദോനിയ സൂനഹദോസിൽവച്ചു വിധിച്ചു, ആ മതത്തെ ശപിക്കയുംചെയ്തു. 541–മുതൽ 578–വരെ എഡേസായുടെ മെത്രാനായിരുന്ന യാക്കോബൂസ് എന്ന ഒരു പ്രബലൻ ഈ മതം പ്രചരിപ്പിച്ച് പോഷിപ്പിച്ചതിനാൽ അതിനു പിന്നീടു യാക്കോബായമതമെന്നു പേർ സിദ്ധിച്ചു. യാക്കോബായമതമനുസരിച്ച് തോമാ അർക്കദിയാക്കോൻെറ ഭാഗത്തു ചേൎന്നു നിന്നവൎക്ക് പുത്തൻകൂർ സുറിയാനിക്കാർ എന്നു പേരുണ്ടായി. യാക്കോബായ വിശ്വാസം ഈ നാട്ടിൽ പുത്തനായി പ്രവേശിപ്പിച്ചതുകൊണ്ടാണ് അതനുസരിച്ചവൎക്ക പുത്തൻകൂർ സുറിയാനിക്കാർ എന്ന പേരുണ്ടായത്. ശേഷമുള്ളവരെ പഴയക്കൂററുകാരെന്നും അക്കാലം മുതൽക്ക് വിളിച്ചുതുടങ്ങി. അവുദാലാഹാ മെത്രാനെ പോർത്തുഗീസുകാർ കൊച്ചിയിൽ ഇറക്കാതിരുന്നതിനാൽ ജസ്വീത്ത് മെത്രന്മാരെ മാത്രമല്ലാതെ തോമാശ്ലീഹായുടെ ആഗമനം മുതൽ തൽക്കാലപൎയ്യന്തം അനുസരിച്ചുവന്ന മതത്തെക്കൂടി മലങ്കര നസ്രാണികൾ വാശിനിമിത്തം കൂനൻകുരിശിങ്കൽവച്ചു പരിത്യജിച്ചു എന്നു ഇക്കാലത്തു ചിലർ തങ്ങളുടെ സ്വാൎത്ഥമായ ഉദ്ദേശങ്ങളെ സാധിക്കുവാൻ വേണ്ടി പറയുന്നതു അബദ്ധവും, സ്വഭാവ വിരുദ്ധവും, ചരിത്രജ്ഞാനമുള്ള ആരും ഉടൻ പ്രതിഷേധിക്കുന്നതുമായ ഒരു വാദമാകുന്നു.

# പ്രൊത്തെസ്താന്തുമതം

ഇനി ഈ നാട്ടിൽ പ്രൊത്തെസ്താന്തുമതവും സഭയും എപ്പോൾ, എങ്ങനെ ഉണ്ടായി എന്നു സംക്ഷേപിച്ചു പറയാം.

മലങ്കരയിലെ കത്തോലിക്ക്, യാക്കോബായ എന്നീ രണ്ടുതരം സുറിയാനി ക്രിസ്ത്യാനികളെക്കുറിച്ച് ഇംഗ്ലണ്ടിലുള്ളവരെ ആദ്യമായി അറിയിച്ചുകൊടുത്തതു ഡോക്ടർ ബുക്കാനൻ ആയിരുന്നു. ൧൮൦൯-ൽ നടന്ന ചർച്ച് മിഷ്യനറി സഭയുടെ വാർഷികോത്സവത്തിൽ വെച്ചു അദ്ദേഹം ചെയ്ത പ്രസംഗവും, ൧൮൧൧-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച 'ആസ്യയിലെ ക്രിസ്ത്യൻ അന്വേഷണങ്ങൾ' (Christian Researches in Asia) എന്ന പുസ്തകവും, ഇംഗ്ലീഷ്കാരുടെ ശ്രദ്ധയെ ആകർഷിച്ചു. അനന്തരം, ഇവിടെ ബ്രിട്ടീഷ് റെസിഡണ്ടായിരുന്ന കർണ്ണൽ മൺറൊ ഇവിടെയുള്ള ക്രിസ്ത്യാനികളെ പഠിപ്പിക്കുവാൻ ഏതാനും വൈദികരെ അയച്ചുതരണമെന്ന് ആംഗ്ലിക്കൻ സഭക്കാരിൽ ചിലർക്കെഴുതി അയച്ചു. ഈ നാട്ടിലെ ക്രിസ്ത്യാനികൾ അജ്ഞാനത്തിൽ മുഴുകിയിരിക്കുന്നു എന്നും അന്യ ജാതിക്കാർ അവരെ ഞെരുക്കിവരുന്നു എന്നും അദ്ദേഹം അവരെ അറിയിച്ചു. ഈ അപേക്ഷ ഇംഗ്ലണ്ടിലെ ചർച്ച് മിഷ്യനറി സഭക്കാർക്കു കിട്ടിയപ്പോൾ ൧൮൧൬-ൽ ബെയിലി, ബേക്കർ, ഫെൻ എന്നിങ്ങനെ മൂന്നു വൈദികരെ ഇവിടേക്കയച്ചു. സുറിയാനിക്കാരുടെ ഇടയിൽ സഞ്ചരിച്ചു മതോപദേശം ചെയ്യാനാണ് അവർ വന്നത്. റെസിഡെണ്ടവർകളുടെ ആഗ്രഹപ്രകാരം റവ. മിസ്റ്റർ നോർട്ടൻ എന്നു പേരായ മറെറാരു മിഷ്യനറി ആലപ്പുഴെ സ്ഥിരവാസം ചെയ്തു. മിസ്റ്റർ ബെയിലി താമസിച്ചിരുന്നതു കോട്ടയത്താണ് സുറിയാനി വൈദികരുടെ അദ്ധ്യയനത്തിനായി കർണ്ണൽ മൺറോവിൻെറ പ്രാബല്യം നിമിത്തം തിരുവിതാംകൂർ റാണി ഒരു ക്രിസ്ത്യൻ കോളേജ് സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകുവാനുള്ള മൂലധനം കൊടുത്തിട്ടുണ്ടായിരുന്നു. ഇപ്രകാരം സ്ഥാപിച്ചു നടത്തിവന്ന കോട്ടയം വിദ്യാശാലയിൽ തന്നെയായിരുന്നു മാർ ദീവന്നാസിയോസ് ജോസഫ് എന്ന സുറിയാനി മെത്രാൻ വസിച്ചിരുന്നത്. മിസ്റ്റർ ബെയിലി വന്നതിനു ഏതാനും ദിവസങ്ങൾക്കു മുമ്പ് ഈ മെത്രാൻ മരിച്ചുപോയതിനാൽ അ

സ്ഥാനത്തേക്ക മാർ ദീവന്നാസിയോസ് ജോർജ്ജ് എന്നൊരാളെ, അഞ്ഞൂർ മെത്രാനായിരുന്ന മാർ ഫിലൊക്സേനോസ് (Philoxenos of Tholyur) എന്ന ദേഹം വാഴിച്ചു. അനന്തരം ഈ മെത്രാനും മാർ ഫിലൊക്സേനോസും ഇംഗ്ലണ്ടിൽനിന്ന വന്ന മേൽപ്പറഞ്ഞ മിഷ്യനറിമാരും തമ്മിൽ വന്നുകൂടിയ മൈത്രി നിമിത്തം മിസ്റ്റർ ഫെന്നിനെ ഈ വിദ്യാശാലയുടെ അദ്ധ്യക്ഷനായി നിയമിച്ചു. അദ്ദേഹത്തെ സഹായിപ്പാൻ വൈദികനല്ലാത്ത മറെറാരു യൂറോപ്യനും ഏതാനും സുറിയാനി മല്പാന്മാരും സംസ്കൃതം മലയാളം മുൻഷികളും ഉണ്ടായിരുന്നു.

മിസ്റ്റർ ബെയിലി വേദപുസ്തകം മലയാളത്തിലേക്ക തർജ്ജിമ ചെയ്വാൻ തുടങ്ങി. അതു ഒരു തമിഴ തർജ്ജിമയിൽ നിന്നായിരുന്നു. അദ്ദേഹം ചെയ്ത ഭാഷാന്തരത്തെ പരിശോധിച്ച ഒരു കമ്മിററിയിൽ ലണ്ടൻ മിഷ്യനറിസഭയിൽപെട്ട മിസ്റ്റർ തോംസൺ എന്നയാൾ പ്രമുഖനായ ഒരു അംഗമായിരുന്നു. ൧൮൨൧-ൽ ഇംഗ്ലണ്ടിൽനിന്ന ഒരു അച്ചടിയന്ത്രവും ഇംഗ്ലീഷ് അച്ചുകളും എത്തി. മലയാളം അച്ചുകൾ ഇല്ലായ്കയാൽ മിസ്റ്റർ ബെയിലി ഈ നാട്ടിലെ ഒരു കരുവാനെക്കൊണ്ടു അച്ചു മുതലായ സാമഗ്രികൾ ഉണ്ടാക്കിക്കുകയും പിന്നീടു മരംകൊണ്ടുള്ള ഒരു അച്ചടിയന്ത്രം നിമ്മിക്കുകയും ചെയ്തു. ഈ യന്ത്രത്തിൽ അടിച്ച കൃതികളിൽ വേദപുസ്തകവും, കൂട്ടപ്രാത്ഥനയും മതസംബന്ധമായ പല പുസ്തകങ്ങളും, രണ്ടു മലയാളഭാഷാനിഘണ്ടുകളും ഉൾപ്പെട്ടിരുന്നു.

മിസ്റ്റർ ബേക്കറിൻെറ ജോലി അപ്പോൾ ഉണ്ടായിരുന്ന പല യാക്കോബായ സുറിയാനിപ്പള്ളികളെ ഇടയ്ക്കിടെക്ക ചെന്നു സന്ദശിക്കുകയായിരുന്നു. മലയാളഭാഷ അഭ്യസിപ്പിച്ചിരുന്ന പാഠശാലകൾ ഈ പള്ളികളോടു അനുബന്ധിക്കപ്പെട്ടിരുന്നു. അവയിലെ ശിഷ്യന്മാർ സുറിയാനിക്കുട്ടികളും ഏതാനും ഹിന്തുക്കളുമായിരുന്നു. ഈ പാഠശാലകളിലേക്ക ആവശ്യമായ പുസ്തകങ്ങളും അദ്ധ്യാപകന്മാരുടെ ശമ്പളവും ചർച്ച് മിഷ്യനറി സഭയുടെ മുതലിൽ നിന്നാണ് കൊടുത്തുവന്നിരുന്നതു്. കോട്ടയത്തുണ്ടായിരുന്ന ബാലപാഠശാലയിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നു. അതിൻെറ കായ്യങ്ങൾ അന്വേഷിച്ചിരുന്നതും മിസ്റ്റർ ബേക്കർ തന്നെയായിരുന്നു.

കോട്ടയത്തെ കോളെജിലെ വിദ്യാൎത്ഥികളിൽ പലരും യാക്കോബായശെമ്മാച്ചന്മാരായിരുന്നു. അവിടെ ലത്തീനും ഗ്രീക്കും ഗണിതവും ഇംഗ്ലീഷും സുറിയാനിയും മലയാളവും സംസ്കൃതവും പഠിപ്പിച്ചിരുന്നു. സുറിയാനിക്കാരുടെ വകയായിരുന്നുവെങ്കിലും ചർച്ച് മിഷ്യനറി സഭക്കാരാൽ നടത്തപ്പെട്ടിരുന്ന ഈ വിദ്യാശാലയിലാണു് തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷ് പഠിപ്പിക്കുവാൻ തുടങ്ങിയതു്.

പ്രസ്തുത മിഷ്യനറിമാരും യാക്കോബായസഭയും തമ്മിൽ ഉണ്ടായ ഐക്യം ൧൮൧൬ മുതൽ ൧൮൩൮ വരെ നിലനിന്നു. മിഷ്യനറിമാരുടെ ഒരു സ്നേഹിതനും സഭയിൽ സംസ്കാരം വരുത്തിയാൽ കൊള്ളാമെന്നു ആഗ്രഹമുള്ളവനുമായിരുന്ന മാർ ദീവന്നാസിയോസ് ജോർജ്ജ് ൧൮൨൫-ൽ മരിച്ചു അസ്ഥാനത്തേക്കു മാർ ദീവന്നാസിയോസ് ഫിലിപ്പ് എന്നൊരാളെ മാർ ഫിലൊക്സേനോസ് വാഴിച്ചു. ഈ മാർ ഫിലൊക്സേനോസ് ജീവിച്ചിരുന്ന കാലത്തോളം മാർ ദീവന്നാസിയോസ് ഫിലിപ്പും പ്രൊത്തെസ്റ്റാന്തു മിഷ്യനറിമാരും തമ്മിൽ യോജിപ്പോടുകൂടിയിരുന്നു. ൧൮൩൦-ൽ മാർ ഫിലൊക്സേനോസ് മരിച്ചതിന്റെശേഷം ഈ അവസ്ഥക്കു ഭേദം വന്നു. ഇരു കക്ഷികൾ കൂടി നടത്തിയിരുന്ന ഈ ഏൎപ്പാടു മാർ ഫിലിപ്പിനു പിടിക്കായ്കയാൽ മേല്പറഞ്ഞ കോളേജിന്റെയും ഇടവക പാഠശാലകളുടെയും കാൎയ്യങ്ങൾ അദ്ദേഹം നോക്കാതെയായി.

൧൮൩൫-ൽ കൽക്കത്തായുടെ ബിഷോപ്പായിരുന്ന ദാനിയേൽ വിൽസൺ തിരുവിതാംകൂറിൽ വന്നപ്പോൾ മേല്പറഞ്ഞ ഏൎപ്പാടു ഫലപ്രദമല്ലെന്നു കണ്ടു. യാക്കോബായസഭ സംസ്കരിക്കപ്പെടേണ്ടതാണെങ്കിലും സ്വാതന്ത്ര്യമായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഈ അഭിപ്രായത്തെ സ്വീകരിച്ചു പ്രവൎത്തിപ്പാൻ സുറിയാനിക്കാരോടു മററു പലരും ശുപാൎശ ചെയ്തുവെങ്കിലും ആ ശ്രമം നിഷ്ഫലമായി. യാക്കോബായ സഭാംഗങ്ങൾ ഒരു മഹാ യോഗം കൂട്ടുകയും അതിൽ അധികപക്ഷം പേർ ചർച്ച് മിഷ്യനറി സഭയോടു തങ്ങൾക്കുണ്ടായിരുന്ന ബന്ധം വേർപെടുത്തണമെന്നുള്ള ഒരു നിശ്ചയം പാസാക്കുകയും ചെയ്തു.

അനന്തരം തിരുവിതാംകൂർ ഗവൎമ്മെണ്ടു് മദ്രാസ് ഗവൎമ്മെണ്ടിന്റെ അനുമതിയോടുകൂടെ ഏതാനും മദ്ധ്യസ്ഥന്മാരെ നി

യമിക്കയും സുറിയാനികോളജിന്റെ നിലനില്പിനായിവെച്ചിട്ടുണ്ടായിരുന്ന മുതല്ക്കളെ അവർ വിഭാഗിക്കയുംചെയ്തു. ചർച്ച് മിഷ്യനറി സഭയ്ക്കു കിട്ടിയ ഭാഗംകൊണ്ടു കോട്ടയത്തു ഒരു പുതിയ കോളേജും കല്പ്പള്ളയും പണിയിക്കയും അവിടെ ഇംഗ്ലീഷ്ഭാഷാ വിദ്യാഭ്യാസം തുടൻകൊണ്ടിരിക്കയും ചെയ്തു.

൧൮൩൮-ന്റെ അവസാനത്തോടുകൂടെ, ഇംഗ്ലണ്ടിലെ ചർച്ച് മിഷ്യനറി സഭാ കമ്മിററിക്കാർ തിരുവിതാംകൂറിലെ മിഷ്യനറിമാരോടു, ബിഷോപ്പു വിൽസന്റെ സമ്മതത്തോടുകൂടെ തങ്ങൾ മിഷ്യനറിവേല നേരിട്ടു തുടങ്ങണമെന്ന് ആജ്ഞാപിച്ചു. അതനുസരിച്ചു അവർ മതപ്രചരണം ആരംഭിക്കയും അതിന്റെ ഫലമായി അനേകം യാക്കോബായക്കാർ ചർച്ച് മിഷ്യനറി ഇടവകകളുടെ അംഗങ്ങളായിത്തീരുകയും കാലക്രമേണ ആംഗ്ലിക്കൻ മിഷ്യന്റെ വൈദികരായി നാട്ടുകാരിൽ പലക്കും പട്ടം കൊടുക്കുകയും ചെയ്തു

ചർച്ച് മിഷ്യനറി സഭയുടെ മലയാളത്തിലെ കേന്ദ്രം കോട്ടയമാകുന്നു. മിഷ്യൻ വേല അഭ്യസിപ്പിക്കുവാൻ റവ. ജോൺ ഹോക്ക്സ്വർത്ത് എന്നയാൾ ൧൮൪൦-ൽ കോട്ടയത്തു കേംബ്രിഡ്ജ് നിക്കോൾസൺ ഇൻസ്റ്റിറ്റ്യൂഷൻ എന്ന ഒരു മന്ദിരം സ്ഥാപിച്ചു. അധിക കാലം കഴിയുന്നതിനു മുമ്പു പട്ടത്തിനു പഠിക്കുന്നവക്കുള്ള വേദശാസ്ത്ര ക്ലാസുകളും അതിൽ ആരംഭിച്ചു. മലയാളത്തിലെ ചർച്ച് മിഷ്യനറി സഭവക മററു സ്ഥാപനങ്ങൾ എപ്പോൾ, എവിടെയെല്ലാം ഉണ്ടായി എന്ന വിവരം താഴെ ച്ചേക്കുന്നു:— ആലപ്പുഴ ൧൮൧൬; മാവേലിക്കര ൧൮൩൮; തിരുവല്ലാ ൧൮൪൯; പള്ളം ൧൮൪൬; മുണ്ടക്കയം ൧൮൫൩; ആലുവാ ൧൮൬൮; തൃശ്ശിവപേരൂർ ൧൮൪൨; കുന്നംകുളം ൧൮൫൪; കൊച്ചി ൧൮൨൪;

ഈ ഇടവകകളുടെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി ൧൮൬൯-ൽ ഒരു ചർച്ച് കൗൺസിൽ സ്ഥാപിച്ചു ഇവയിൽ മിക്കവയുടെയും വൈദികന്മാർ നാട്ടുക്രിസ്ത്യാനികൾ തന്നെയാണ്.

## ഇംഗ്ലാണ്ടിൽ പ്രോത്തെസ്താന്തുമതം.

ഇനി ചർച്ച് മിഷ്യനറി സഭയുടെ കടയായ ഇംഗ്ലണ്ടിൽ പ്രോത്തെസ്താന്തുമതം ഉത്ഭവിച്ച വിവരം പറയാം. ഇംഗ്ലീഷ് ചരിത്രം വായിച്ചിട്ടുള്ള എല്ലാവൎക്കും ഇതറിയാവുന്നതാണ്. ജൎമ്മൻകാരനായ മാർട്ടിൻ ലൂത്തർ കത്തോലിക്കാമതത്തെ ഉപേക്ഷിച്ചപ്പോൾ അദ്ദേഹത്തിന്റെ അനുഗാമികളെ ൧൫൨൯-നു ശേഷം ഇദംപ്രഥമമായി 'പ്രോത്തെസ്താന്തുകാർ' എന്നു വിളിക്കുവാൻ തുടങ്ങി എന്ന് ഒരു ഇംഗ്ലീഷ് ചരിത്രകാരൻ പറയുന്നു. ലൂത്തർ ൧൪൮൩-ൽ ജനിക്കയും ൧൫൪൬-ൽ മരിക്കയും ചെയ്തു. ൧൫൦൫-ൽ അദ്ദേഹം അഗുസ്തീനോസു സന്ന്യാസ സഭയിൽ ചേൎന്നു: ൧൫൦൭-ൽ കുൎബ്ബാനപ്പട്ടമേററു. ൧൫൦൮-ൽ വിററൻബെൎഗ്ഗിലെ സൎവ്വകലാശാലയിൽ തത്വജ്ഞാനപണ്ഡിതനായി നിയമിക്കപ്പെട്ടു. ൧൫൧൦-ൽ ൧൦-ാം ലെയൊ പാപ്പായെ റോമയിൽ ചെന്നു കണ്ടു. ൧൫൧൨-ൽ ഒരു വേദശാസ്ത്രപണ്ഡിതനായി നിയമിക്കപ്പെട്ടു. ൧൫൧൭-ൽ ജോൺ ടെററ്സെൻ എന്ന ദേഹം 'ദണ്ഡവിമോചന' പത്രങ്ങളെ വിററൻബെൎഗ്ഗ് പട്ടണത്തിൽ വിററുതുടങ്ങിയിരിക്കുന്നു എന്നു അബദ്ധമായി ധരിച്ചു റോമാസഭയോടു എതിൎക്കുവാൻ പുറപ്പെടുകയും, ൧൫൨൦-ൽ മഹറോൻ ചൊല്ലപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ മറെറതാനും സംഭവങ്ങൾ ഇവിടെ അപ്രസ്തുതമാണ്. ൧൫൨൪-ൽ സന്ന്യാസവസ്ത്രം പരിത്യജിച്ചു. ൧൫൨൫-ൽ അദ്ദേഹത്താൽ വശീകൃതയായ കത്രീനാ വോൺബോറ എന്ന ഒരു കന്യാസ്ത്രീയെ വിവാഹം ചെയ്കയും ൬ മക്കളുണ്ടാകയും ചെയ്തു. ഇക്കാലത്തു ഇംഗ്ലണ്ടിൽ ൮-ാം ഹെൻറി രാജാവാണ് വാണിരുന്നത്. ലൂത്തർ കത്തോലിക്കാസഭക്കു വിരോധിയായി തീൎന്ന് അതിന്റെ ഏഴു കൂദാശകളെ പരസ്യമായി ആക്ഷേപിച്ചപ്പോൾ ഈ എട്ടാം ഹെൻറി രാജാവു ലൂത്തറിന്റെ വാദങ്ങളെ ഖണ്ഡിച്ചു ഏഴു കൂദാശകളുടെ സമൎത്ഥനം (Defence of the Seven Sacraments) എന്നു പേരായ ഒരു പുസ്തകം ലത്തീൻ ഭാഷയിൽ എഴുതി പ്രസിദ്ധപ്പെടുത്തുകയാൽ, അക്കാലത്തു വാണിരുന്ന പത്താം ലെയൊ മാൎപ്പാപ്പാ സന്തോഷിച്ച് അദ്ദേഹത്തിനു വിശ്വാസ സംരക്ഷകൻ (Defender of the Faith)

എന്ന സ്ഥാനം കൊടുത്തു. ഈ സ്ഥാനം അക്കാലംമുതൽ ഇന്നുവരെ എല്ലാ ബ്രിട്ടീഷ് രാജാക്കന്മാരും രാജ്ഞികളും ധരിച്ചുകൊണ്ടിരിക്കയും പവൻ മുതലായ പല ബ്രിട്ടീഷ് നാണയങ്ങളിന്മേലും മുദ്രിതമായിരിക്കയും ചെയ്യുന്നു. എങ്കിലും കുറേക്കാലം കഴിഞ്ഞതിന്റെശേഷം അദ്ദേഹത്തിനു രാജധാനിയിലെ പരിചാരികകളിൽ ഒരുവളായിരുന്ന ആൻബൊളീൻ എന്ന സ്ത്രീയിൽ അനുരാഗം ജനിച്ചു. തന്റെ പത്നിയായി ഏകദേശം ഇരുപതു സംവത്സരത്തോളമിരുന്ന കത്രീന എന്ന രാജ്ഞിയെ ഉപേക്ഷിക്കുവാനുള്ള ഓരോ ന്യായങ്ങൾ പറഞ്ഞുണ്ടാക്കി. ആ മഹിഷിയിൽ മേരി എന്ന ഒരു സന്താനവുമുണ്ടായിരുന്നു. ഒരിക്കൽ ആ സ്ത്രീ എട്ടാം ഹെൻറിയുടെ ജ്യേഷ്ഠന്റെ ഭാൎയ്യയായിരുന്നിട്ടുണ്ട് എന്നായിരുന്നു ഒരു യുക്തി. സപത്നി ജീവിച്ചിരിക്കെ പുനർവിവാഹം അനുവദിച്ചുകൂടാത്തതാണെന്നുള്ള മാർപ്പാപ്പായുടെ നിരോധം നിമിത്തം എട്ടാം ഹെൻറി രാജാവു അത്യന്തം കോപിച്ചു ക്രമേണ പാപ്പായുടെയും കത്തോലിക്കാസഭയുടെയും ശത്രുവായിത്തീരുകയും മുറഞ്ഞ പരിചാരികയെ പരസ്യമായി വിവാഹം ചെയ്കയും ചെയ്തു. ഈ സംഭവങ്ങളുണ്ടായതു് ൧൫൨൭-നും ൧൫൩൪-നും മദ്ധ്യേയാണ്. ഇതിനുശേഷവും ഈ ഭൂപതി തുടരെ നാലു സ്ത്രീകളെ വിവാഹം ചെയ്തു. ആ കഥ വഴിയെ പറഞ്ഞുകൊള്ളാം. ഈ വിവാഹങ്ങളുടെ സംഗതി ഈ വിഷയത്തിൽ അപ്രസ്തുതമല്ലേ എന്നു ചിലൎക്കു തോന്നിയേക്കാമെങ്കിലും നിജധൎമ്മപത്നിയെ പരിത്യജിച്ചതും കത്തോലിക്കാ സഭയിൽ നിന്നുള്ള എട്ടാം ഹെൻറി രാജാവിന്റെ പിരിവും ഒരേ കാലത്തുണ്ടായതോൎക്കുമ്പോൾ, ഏതുവിധമായ മനോവികാരമാണ് അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നുള്ള ഒരു ചോദ്യം ഉത്ഭവിക്കാതെ കഴികയില്ലല്ലോ. ഈ വിധമാണ് ഇംഗ്ലണ്ടിൽ പ്രൊട്ടസ്റ്റാന്തുമതമുണ്ടായതു്.

## നവീകരണക്കാരുടെ മതം

ചർച്ച് മിഷ്യനറി സഭയിൽപ്പെട്ട പ്രൊട്ടസ്റ്റാന്തു മതാനുയായികളോടുള്ള സഖ്യം ഹേതുവാലാണ് അനേകം യാക്കോബായക്കാർ പ്രൊട്ടസ്റ്റാന്തുമതത്തെ സ്വീകരിച്ചതെന്നു സ്പഷ്ടമാകുന്നു. ഇനി നവീകരണക്കാർ അല്ലെങ്കിൽ മാർത്തോമ്മാ സുറിയാനിക്കാർ എന്നു പേരുള്ള ഗണത്തിന്റെ ആവിർഭാവ

ത്തെക്കുറിച്ചു പറയാം. മലയാളത്തിലെ സുറിയാനിക്കാരെല്ലാവരും തോമാ അപ്പസ്തോലനെത്തന്നെ തങ്ങളുടെ സഭയുടെ സംസ്ഥാപകനായി അവകാശപ്പെടുന്ന അവസ്ഥയ്ക്കു, അവരിൽ വിശേഷിച്ചൊരു വർഗ്ഗംമാത്രം തങ്ങളുടെ നാമധേയത്തോടു് ആ പുണ്യവാൻെറ പേർ ചേർത്തുകൊണ്ടു നടക്കുന്നതിൻെറ അനൌചിത്യം ആരും സമ്മതിച്ചേ കഴിയൂ. ഈ നവീകരണക്കാരുടെ ചരിത്രം പറഞ്ഞവസാനിപ്പിക്കുമ്പോൾ ആ സഭയും പ്രോട്ടെസ്റ്റൻ്റുകാരോടുള്ള സംസർഗ്ഗത്തിൽനിന്നു ജനിച്ചതാണെന്നു വേണ്ടുവോളം തെളിയും. യാക്കോബായ, പ്രോട്ടെസ്റ്റൻ്റ് ഈ മതങ്ങൾ മലങ്കരയിൽ പണ്ടുണ്ടായിരുന്നില്ലെങ്കിലും മററു രാജ്യങ്ങളിലുണ്ടായിരുന്നു. എന്നാൽ നവീകരണക്കാർ എന്നു പേരുള്ള ഒരു വർഗ്ഗം മറെറാരുദിക്കിലും ഇതുവരെ ഉണ്ടായിരുന്നില്ലെന്നുള്ളതാണു് അതിൻെറ ഒരു വിശേഷം. ഈ ഹേതുവാൽ അതിൻെറ പൂർണ്ണവിശ്വാസാചാരസൂചകമായ നാമകരണത്തിൽ അസാമാന്യമായ അസൌകര്യം അവൎക്കു നേരിട്ടിട്ടുണ്ടായിരിക്കണം. മാർ തോമ്മാ ക്രിസ്ത്യാനികൾ, അല്ലെങ്കിൽ മാർ തോമ്മാ നസ്രാണികൾ, അല്ലെങ്കിൽ മാർ തോമാ സുറിയാനിക്കാർ എന്ന പേർകൊണ്ടു മററു സുറിയാനി വർഗ്ഗങ്ങളിൽനിന്നു് അതിനെ വേർപെടുത്തത്തക്ക എന്തു വ്യക്തിയാണു് ആ സഭക്കു സിദ്ധിക്കുന്നതു്? ഇനി ചരിത്രകഥനത്തിൽ പ്രവേശിക്കാം.

മുൻപറഞ്ഞ സുറിയാനി കോളെജ് നിലനിറുത്തുവാൻ ദാനംചെയ്യപ്പെട്ടിരുന്ന സ്വത്തുക്കളെ വിഭജിക്കുന്നതിനു നിയമിക്കപ്പെട്ട മദ്ധ്യസ്ഥന്മാർ അവസാനതീർപ്പു ചെയ്തതു് 1840-ൽ ആയിരുന്നു. ഈ തീർപ്പനുസരിച്ചു കോട്ടയത്തുള്ള കോളെജ് കെട്ടിടം മാർ ദീവന്നാസിയോസ് ഫിലിപ്പ് അഥവാ നാലാം ദിവന്നാസിയോസിനു ലഭിച്ചു. സുറിയാനിക്കാരും ചർച്ച് മിഷ്യനറിസഭയും ഇപ്രകാരം വേർപിരിഞ്ഞുവെങ്കിലും ആംഗ്ലിക്കൻ മിഷ്യനറിമാർക്കു സുറിയാനിക്കാരായ അനേകം സ്നേഹിതന്മാരുണ്ടായിരുന്നു. ഇവർ സുറിയാനി ആരാധനാക്രമത്തെ ഉപേക്ഷിച്ചു ആംഗ്ലിക്കൻ സഭാംഗങ്ങളായി. മററു ചിലർ സുറിയാനിക്കാരായിരുന്നുവെങ്കിലും മാർ ദിവന്നാസിയൂസിനു പ്രതികൂലികളായ ഒരു കക്ഷിയായിത്തീർന്നു. എന്നുമാത്രമല്ല, അദ്ദേഹത്തെ തോല്പിക്കുവാൻവേണ്ടി അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ

അടുക്കലേക്ക ഒരു ദൂതനെ അയക്കണമെന്നു നിശ്ചയിക്കയും ആ ആവശ്യാൎത്ഥം മാത്യു എന്നു പേരായ ഒരു യുവാവിനെ തെരഞ്ഞെടുക്കയും ചെയ്തു. ഈ മാത്യു കോട്ടയം കോളെജിൽ പഠിച്ചിരുന്ന ഒരു സുറിയാനി ശെമ്മാച്ചനായിരുന്നു. 1837-ൽ അയാളെ ഉയൎന്നതരം വിദ്യാഭ്യാസത്തിനായി മദ്രാസിലേക്ക അയക്കുകയുണ്ടായി. എങ്കിലും എന്തോ ഒരു കുററത്തിനു അയാളെ അധികൃതന്മാർ പാഠശാലയിൽനിന്നു പിരിക്കയാൽ അയാൾ തിരുവിതാംകൂറിലേക്ക മടങ്ങിപ്പോന്നു. ഏതാനും സുറിയാനിക്കാർ ഒപ്പിട്ട വിശ്വാസപത്രത്തോടുകൂടെ അയാളെ അന്ത്യോക്യയിലേക്കയച്ചു. 1841-ൽ അയാൾ അവിടെ എത്തിയതിൻെറശേഷം ഏലിയാസ് എന്ന പാത്രിയക്കീസ് അയാളെ സൽക്കാരപൂൎവ്വം സ്വീകരിച്ചു. കുർബാനപ്പട്ടവും പിന്നീടു മെത്രാൻപട്ടവും കൊടുത്തു് മലങ്കരയുടെ മെത്രാപ്പോലീത്തായെന്ന സ്ഥാത്തിക്കോനോടുകൂടെ തിരുവിതാംകൂറിലേക്ക മടക്കി അയച്ചു. ഈ മാത്യു മെത്രാൻ 1843-ൽ ഇവിടെ എത്തി അത്തനാസിയൂസ് എന്ന നാമം ധരിച്ചു. എങ്കിലും മലങ്കരയുടെ മെത്രാപ്പോലീത്താ എന്ന സ്ഥാനം അനുസരിച്ചുള്ള നടപടികൾ ആരംഭിച്ചപ്പോൾ മാർ ദീവന്നാസിയൂസ് എതിൎത്തു. കൈവശം അദ്ദേഹത്തിനായിരുന്നു. എന്നുതന്നെയല്ല റസിഡണ്ടിൻെറ സഹായവും അദ്ദേഹത്തിനുണ്ടായിരുന്നു. മാർ ദീവന്നാസിയൂസ് ഇങ്ങനെ തടഞ്ഞുനിൽക്കമാത്രം ചെയ്തിരുന്നുവെങ്കിൽ ആജീവനാന്തം ആ സ്ഥാനത്തുതന്നെ ഇരിക്കാമായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പ്രതിഷേധം പാത്രിയക്കീസുവരെ എത്തിക്കണമെന്നാണു നിശ്ചയിച്ചതു്. പാത്രിയക്കീസിനെ നീചമാംവണ്ണം ചതിച്ചിരിക്കുന്നുവെന്നും താൻ അദ്ദേഹത്തിൻെറ നേരെ കീഴ്വഴക്കമുള്ളവനാണെന്നും, നേരെമറിച്ചു മാർ മാത്യു അത്തനാസിയൂസ് പ്രോത്തെസ്റ്റാന്തു മിഷ്യനറിമാരോടു ചേർച്ചയുള്ള ഒരു കക്ഷിയിൽ പെട്ടവനാണെന്നും മററും കാണിച്ച് പാത്രിയക്കീസിനു ഹർജികൾ അയച്ചു. പാത്രിയക്കീസു ഇതുകണ്ടു പരിഭ്രമിച്ചു. 1846-ൽ മാർ കൂറിലോസ് എന്ന തൻെറ സെക്രട്ടറിയെ ഇവിടേക്കയച്ചു. പാത്രിയക്കീസിൻെറ പേരിൽ ശാസനങ്ങൾ എഴുതുവാൻ അദ്ദേഹം ഒപ്പിട്ട കുറേ വെറുംകടലാസുകളും മററു പൂൎണ്ണാധികാരങ്ങളും മാർ കൂറിലോസിനു കൊടുക്കയും ചെയ്തു. മാർ കൂറിലോസ് ഇവിടെ എത്തിയതിൻെറശേഷം പൂത

ന്നെ മാർ ദിവന്നാസിയ്യൂസ് സ്നേഹപൂർവ്വം സ്വീകരിച്ചിരിക്കുന്നു എന്നു പാത്രിയർക്കീസിനു എഴുതി അയച്ചപ്പോൾ പാത്രിയർക്കീസ് 1847 മാർച്ചുമാസത്തിൽ എഴുതിയ മറുപടിയിൽ, മാത്യൂ അത്തനാസിയ്യൂസിനെ തള്ളിപ്പുറത്താക്കുവാൻ വേണ്ടുന്ന സകല യത്നങ്ങളും അവർ ഇരുവരും ചെയ്യണമെന്ന് ആജ്ഞാപിച്ചിരുന്നു. 1847 മെയിമാസത്തിൽ ഏലിയാസ് പാത്രിയർക്കീസിൻെറ അനുഗാമിയായി വാഴ്ച ഏററ ൩൨-ാം ഇഗ്നാത്തിയ്യൂസ് പാത്രിയർക്കീസ് ഇവിടേക്കയച്ച കല്പനയിലും മാത്യൂ അത്തനാസിയ്യൂസിനെ ഒരു പാഷണ്ഡനെന്നു വിളിച്ചിരുന്നു. മാർ ക്കുറിലോസാകട്ടേ, അത്തനാസിയ്യൂസിനെ സ്ഥാനഭ്രഷ്ടനാക്കുവാൻവേണ്ടി, പാത്രിയർക്കീസു തനിക്കു കൊടുത്തിരുന്ന ഒപ്പിട്ട കടലാസുകളിൽ ഒന്നിൽ, തന്നെ മലങ്കരയുടെ മെത്രാപ്പോലീത്തായായി നിയമിച്ചിരിക്കുന്നുവെന്നു എഴുതി പരസ്യം ചെയ്യാമെന്നുവെച്ചു. ഈ ആലോചനയിലും ഉപായത്തിലും പങ്കുള്ളവനായിരുന്ന മാർ ദീവന്നാസിയ്യൂസ് തൻെറ സ്ഥാനം ഉപേക്ഷിച്ച് മാർ ക്കുറിലോസിനെ ഏല്പിക്കയും ആ സംഗതി റസിഡെണ്ടിനെ അറിയിക്കയും ചെയ്തു. 1848-ൽ തിരുവിതാംക്കൂർ ഗവമ്മേണ്ടു മാർ അത്തനാസിയ്യൂസിൻെറയോ മാർ ക്കുറിലോസിൻെറയോ വിശ്വാസപത്രങ്ങളിൽ ഏതാണു സത്യമുള്ളവ എന്ന് കൊല്ലത്തുവച്ചു വിചാരണചെയ്തു വിവരം ബോധിപ്പിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചു. മാർ അത്തനാസിയ്യൂസിൻെറ വിശ്വാസപത്രങ്ങളാണു സത്യമുള്ളവയെന്നും അയാൾ ഒരു തിരുവിതാംക്കൂർകാരനാണെന്നും മാർ ക്കുറിലോസിൻെറ വിശ്വാസപത്രങ്ങൾ വ്യാജമാണെന്നും അയാൾ ഒരു വിദേശീയനാണെന്നും ഈ വ്യാജത്തിൽ മാർ ദീവന്നാസിയ്യൂസിനു പങ്കുണ്ടായിട്ടുണ്ടെന്നുമാണ് കമ്മിററിക്കാർ റിപ്പോർട്ടു ചെയ്തത്. ഇതു കിട്ടിയപ്പോൾ തിരുവിതാംക്കൂർ ഗവമ്മേണ്ടു 1852-ൽ മാർ അത്തനാസിയ്യൂസിനെ മെത്രാപ്പോലീത്താ സ്ഥാനത്തിൽ സ്ഥിരീകരിക്കയും ഇതുനിമിത്തം ചർച്ച് മിഷ്യനെറി സഭയിലെ മിഷ്യനറിമാർ സൂചിപ്പിച്ചിരുന്ന സംസ്കാരങ്ങൾക്കു അനുകൂലികളായ സുറിയാനിക്കാരുടെ കക്ഷി ജയഭേരി അടിക്കയും ചെയ്തു. മാർ ദീവന്നാസിയ്യൂസിനു പററിയ മഹത്തായ പരാജയത്താൽ അദ്ദേഹം പിൻവാങ്ങി മാകുവാറും അജ്ഞാതനായി ഏകദേശം 1855-ൽ മരിച്ചു. മാർ ക്കുറിലോസു കൊച്ചി തിരുവിതാംക്കൂർ

രാജ്യങ്ങൾ വിട്ടുപോകണമെന്നു ബ്രിട്ടീഷ് റസിഡെണ്ടു കല്പന അയച്ചു അതുപ്രകാരം അയാൾ പള്ളികൾതോറും ചുററിനടന്നു ഭിക്ഷാടനംചെയ്തു ഒടുവിൽ അപ്രത്യക്ഷനായി.

മുൻപറഞ്ഞ കമ്മിററിക്കാർ കൊല്ലത്തു വിചാരണ നടത്തിക്കൊണ്ടിരിക്കുമ്പോൾ നൂറ്റ-ാം ഇഗ്നാത്തിയൂസ് പാത്രിയക്കീസ്, മാർക്കൂറിലോസിനു വിജയം സിദ്ധിക്കാഞ്ഞതു കണ്ടു് അക്ഷമനായി 1849-ൽ സ്തേഫാനോസ് എന്നു പേരായ ഒരു മെത്രാനെ തിരുവിതാംകൂറിലേക്കയച്ചു. അദ്ദേഹത്തിൻെറ വരവോടുകൂടെ വീണ്ടും കലഹങ്ങൾ തുടങ്ങുകയാൽ അക്കാലത്തെ റസിഡണ്ടായിരുന്ന ജനറൽ കല്ലൻ അദ്ദേഹത്തോടു സുറിയാനിപ്പള്ളികളുടെ കാര്യത്തിൽ പ്രവേശിക്കരുതെന്നു ആജ്ഞാപിച്ചു. എന്നാൽ മാർ സ്തേഫാനോസ് ഇതിനെ കൂട്ടാക്കാതെ കോർട്ടു് ഓഫ് ഡയറക്ടേർസ് (Court of Directors) എന്ന സംഘത്തിനു അപ്പീൽ ബോധിപ്പിച്ചു. ഇതിനു മറുപടിയായി ലണ്ടനിൽനിന്നു 1857-ൽ വന്ന ശാസനത്തിൽ റസിഡെണ്ടു് ഈവക കാര്യങ്ങളിൽ പ്രവേശിക്കരുതെന്നു നിരോധിക്കയും സുറിയാനിക്കാർ അവരുടെ മനസ്സുപോലെ തങ്ങളുടെ വിവാദങ്ങളെ തീർപ്പുചെയ്യേണ്ടതാണെന്നു റസിഡെണ്ടിനെ അറിയിക്കയും ചെയ്തു. റസിഡെണ്ടു ഈ ഉപദേശപ്രകാരം പ്രവത്തിച്ചിട്ടുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ 1857-ൽ മാർ കൂറിലോസ് വീണ്ടും വന്നു് മാർ അത്തനാസിയൂസിനു വിരോധമായി ഛിദ്രങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. 1863 ഫെബ്രുവരി മാസത്തിൽ തിരുവിതാംകൂർ ഗവമ്മേണ്ടു ചെയ്ത പരസ്യത്തിൽ മാർ കൂറിലോസിൻെറ അനുഗാമികളാകുവാൻ മനസ്സുള്ളവർക്കു അപ്രകാരം ചെയ്യാൻ വിരോധമില്ലെന്നും, എന്നാൽ അവരുടേതായി പുതിയ പള്ളികൾ പണിയിക്കേണ്ടതാണെന്നും അപ്പോൾ ഉള്ള പള്ളികൾ മാർ അത്തനാസിയൂസിൻെറ പക്ഷക്കാക്കിരിക്കേണ്ടവയാണെന്നും വിജ്ഞാപനംചെയ്തു. ഈ വിളംബരം ഹേതുവാലായിരിക്കണം മാർ കൂറിലോസ് ഒരു കോടതിവ്യവഹാരം ആരംഭിച്ചതു്. ആ വ്യവഹാരം നടത്തിയതു് കൊച്ചിയിൽ കുന്നംകുളത്തെ ഒരു പട്ടക്കാരനായിരുന്ന ജോസെഫ് എന്ന ഒരാളാണ്. ഈ വ്യവഹാരകാര്യത്തെപ്പററി ജോസെഫ് കത്തനാർ മദ്രാസിലേക്കുപോയി ചില ശ്രമങ്ങൾ ചെയ്തുവെങ്കിലും അതുകൊണ്ടു ഫലമുണ്ടായില്ല.

ഈ ശ്രമം സഫലമാകായ്കയാൽ മാർ ക്കുറിലോസിന്റെ കക്ഷിക്കാർ 1865-ൽ ജോസെഫ് കത്തനാരെ അന്ത്യോക്യാ പാത്രിയർക്കീസിന്റെ പക്കലേക്കയക്കയും പാത്രിയർക്കീസു അയാളെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്കയും ചെയ്തു. 1866-ൽ മാർ ജോസെഫ് തിരുവിതാംകൂറിൽ മടങ്ങിഎത്തി ദിവന്നാസിയൂസ് എന്ന നാമംധരിച്ച് മെത്രാപ്പോലീത്താസ്ഥാനം അവകാശപ്പെട്ടു. ഇതിനു 1866 ജൂലായി ൯ ാംനു- തിരുവിതാംകൂർ ഗവൎമ്മേണ്ടിൽനിന്നു കിട്ടിയ മറുപടിയിൽ മാർ അത്തനാസിയൂസു മായി സമാധാനപ്പെടുകയോ ഒരു കോടതി വ്യവഹാരത്താൽ തന്റെ അവകാശം സ്ഥാപിക്കയോ ചെയ്യേണ്ടതാണെന്നു അറിയിച്ചു.

൧൮൬൮-ൽ മാർ അത്തനാസിയൂസു തന്റെ നില ഉറപ്പിക്കവാൻവേണ്ടി സ്വപിതൃവ്യനായ തോമ്മസ് എന്നാളെ തന്റെ അനുഗാമിയായി വാഴിക്കയും ഒരു മരണപത്രത്താൽ തന്റെ സഹായകനും അനുഗാമിയുമായ അയാൾക്കു സകലസ്വവും ദാനംചെയ്കയും ചെയ്തു. അനന്തരം ഈ തോമസ്, അത്താനാസിയൂസു എന്ന നാമധേയം ധരിച്ചു. അടുത്ത വൎഷമായ 1869 ൽ മാർ ദിവന്നാസിയൂസ് മദ്രാസ് ഗവൎമ്മേണ്ടിലേക്കു ഒരു ഹർജി അയച്ചു. എങ്കിലും ആക്കാൎയ്യത്തിൽ അവർ പ്രവേശിക്കുന്നതല്ലെന്നാണു മറുപടി ലഭിച്ചതു്. 1875-ൽ മാർ അത്തനാസിയൂസു മരിക്കയും മാർ തോമസ് അത്താനാസീസു തൽസ്ഥാനം പ്രാപിക്കയും ചെയ്തു.

ഇതിനിടയ്ക്കു 1872-ൽ അന്ത്യോക്യാ പാത്രിയർക്കീസു മരിച്ചു. ൧൨-ാം ഇഗ്നാത്തിയൂസ് എന്നു നാമംധരിച്ച പീറ്റർ എന്നദേഹം ആ സ്ഥാനത്തുവന്നു. മലങ്കരയിലെ അപ്പോഴത്തെ സ്ഥിതി അറിഞ്ഞപ്പോൾ പാത്രിയർക്കീസു എന്ന തന്റെ അധികാരസീമയിൽനിന്നു ഒരംശം നഷ്ടമായിപ്പോകുന്നതു ഒരിക്കലും സമ്മതിച്ചുകൂടാത്തതാണെന്നു നിശ്ചയിച്ചു. 1874-ൽ അദ്ദേഹം ലണ്ടനിൽപോയി കാന്റർബറി ആർച്ചുബിഷോപ്പു മുതലായ പല മഹാന്മാരെ ചെന്നുകണ്ടു. എങ്കിലും ഫലമൊന്നുമുണ്ടാകാതെ 1875-ൽ തിരുവിതാംകൂറിൽ വന്നു. 1876 ജൂൺമാസത്തിൽ മൊളന്തുരുത്തിയിൽവെച്ച് ഒരു സൂനഹദോസുകൂടി മാർ തോമസ് അത്തനാസിയൂസിന്നെതിരായ നിശ്ചയങ്ങൾ അതിൽ പാ

സാക്കി. 1896–ൻെറ അവസാനത്തോടുകൂടെ ആ പാത്രിയക്കീസ് മാർദീനിലേക്കു മടങ്ങിപ്പോകയും ചെയ്തു.

൧൦൫൨ മാർച്ചുമാസം ൭–ാംനു തിരുവിതാംകൂർ ഗവൎമ്മെണ്ടിൽനിന്നു ചെയ്ത ഒരു വിളംബരത്തിൽ സുറിയാനി സഭയുടേയൊ അതിലെ നിയമനങ്ങളിലേയൊ കാൎയ്യങ്ങളിൽ ഗവൎമ്മെണ്ടിൽനിന്നു മേലാൽ പ്രവേശിക്കയില്ലെന്നും, ആ വക നിയമനങ്ങളെയൊ പള്ളിവസ്തുക്കളെയോ സംബന്ധിച്ചുള്ള അവകാശങ്ങളെ നീതിന്യായക്കോടതികൾ വഴിയായി തീൎപ്പു ചെയ്യേണ്ടതാണെന്നും പ്രസ്താവിച്ചു. ഈ വിളംബരം അനുസരിച്ചു ൧൦൫൪ മാർച്ചുമാസം ൭–ാംനു മാർ ദീവന്നാസിയൂസ് ആലപ്പുഴക്കോടതിയിൽ മാർ തോമ്മാസ് അത്താനാസിയൂസിനെ പ്രതിചേൎത്തു ഒരു അന്യായം ബോധിപ്പിച്ചു. താൻ അന്ത്യോക്ക്യായിലെ യാക്കോബായ പാത്രിയക്കീസിനാൽ യഥാവിധി നിയമിക്കപ്പെട്ട മെത്രാപ്പോലീത്തായാകയാൽ കോട്ടയം സെമ്മനാരിയും മറ്റു വസ്തുക്കളും തിരിയെ കിട്ടേണ്ടതാണെന്നായിരുന്നു അതിലെ വാദം. ഈ വ്യവഹാരം പത്തുകൊല്ലം കോടതികളിൽ കിടപ്പായിരുന്നു. അവസാനമായി ൧൦൬൪–ൽ തിരുവനന്തപുരത്തെ അപ്പീൽക്കോടതി അവസാനതീൎപ്പു ഉച്ചരിച്ചു. ആ കോടതിയിലെ മൂന്നു ജഡ്ജിമാരിൽ രണ്ടുപേർ ബ്രാഹ്മണരും ഒരാൾ യൂറോപ്യനും ആയിരുന്നു. ആ യൂറോപ്യൻ ജഡ്ജിയായ മിസ്റ്റർ ജസ്റ്റീസ് ഓറംസ്ബി മററു ഇരുവരിൽനിന്നു ഭിന്നമായ ഒരു വിധി ഉച്ചരിച്ചു. അദ്ദേഹത്തിൻെറ അഭിപ്രായം ഇപ്രകാരമായിരുന്നു: പോൎത്തുഗീസുകാർ വന്നതുവരെ ഇവിടത്തെ സഭ നെസ്തോറീസു മതത്തെ അവലംബിച്ചിരുന്നു. ൧൬൫൩–ൽ റോമയുമായുണ്ടായ വേർപാടിൻെറ ശേഷം ൧൬൬൫–ൽ ഈ സഭ അന്ത്യോക്ക്യായിലെ യാക്കോബായ പാത്രിയക്കീസിൽനിന്നു മെത്രാൻസ്ഥാനം ലഭിച്ചവരാൽ ഭരിക്കപ്പെട്ടു. എങ്കിലും ഈ സഭയിൽ മേല്പട്ടക്കാരുടെ പിന്തുടർച്ചാവകാശത്തിനു അന്ത്യോക്ക്യായിലെ യാക്കോബായ പാത്രിയക്കീസിൻെറ സമ്മതംവേണമെന്നുള്ള വാദത്തിനു തെളിവു പോരായ്കയാൽ മാർ ദീവന്നാസിയൂസിൻെറ വ്യവഹാരം നിലനില്ക്കത്തക്കതല്ല. ഇപ്രകാരമായിരുന്നു പ്രൊട്ടസ്റ്റന്തുകാരനായ ആ യൂറോപ്യൻ ജഡ്ജിയുടെ വിധി. എന്നാൽ ബ്രാഹ്മണരായ രണ്ടു ജഡ്ജിമാർ വിധിച്ചതു പോൎത്തുഗീസുകാരുടെ വ

രവിനു മുമ്പിലും അപ്പോഴും പ്രസ്തുത സഭ അന്ത്യോക്ക്യയിലെ യാക്കോബായ പാത്രിയർക്കീസിന്റെ കീഴിലായിരുന്നുവെന്നും മാർ ദീവന്നാസിയൂസ് ക്രമമായി വാഴ്ച കിട്ടീട്ടുള്ള ഒരു മെത്രാനാണെന്നും തിരുവിതാംകൂറിലെ സുറിയാനി ക്രിസ്ത്യാനി സഭയുടെ മെത്രാന്മാരെ വാഴിക്കുവാൻ പാത്രിയർക്കീസിനുമാത്രമെ അധികാരമുള്ളുവെന്നും ൧൮൭൬-ൽ കൂടിയ സൂനഹദോസിൽ ആ സമുദായത്തിലെ ഭൂരിപക്ഷം അദ്ദേഹത്തെ ആ നിലയിൽ സ്വീകരിച്ചിട്ടുണ്ടെന്നുമായിരുന്നു. ഈ വിധികൊണ്ടു അത്യന്തം മനോവേദനയുണ്ടായവരിൽ ഒരാൾ ൧൮൭൮ മുതൽ ൧൮൮൮ വരെ കോട്ടയം കോളെജിന്റെ പ്രിൻസിപ്പലായിരുന്ന റവ. സി. എ. നീവ് എന്ന പ്രൊട്ടെസ്റ്റാന്റു മിഷ്യനറിയായിരുന്നു. അദ്ദേഹം മുൻപറഞ്ഞ ബ്രാഹ്മണ വിധി കർത്താക്കന്മാരുടെ ന്യായങ്ങളെ കഠിനമായി ആക്ഷേപിച്ചും വിധിയുടെ ന്യൂനതകളെന്നു അദ്ദേഹത്തിനു തോന്നിയവയെ വെളിപ്പെടുത്തിയും ഒരുപന്യാസം മദ്രാസ് ക്രിസ്ത്യൻ കോളെജ് മാഗസീനിൽ പ്രസിദ്ധീകരിച്ചു. യാക്കോബായക്കാരായ ഇരു കക്ഷികൾ തമ്മിൽ നടത്തപ്പെട്ട ഒരു വ്യവഹാരത്തിൽ മേല്പറഞ്ഞപ്രകാരം ഒരു വിധിയുണ്ടായതിനെക്കുറിച്ചു പ്രൊട്ടെസ്റ്റാന്റുകാരനായ ഈ വെള്ളക്കാരൻ ഇത്രയധികം പണിപ്പെട്ടു പരിതപിച്ചതിന്റെ കാരണമെന്താണെന്നു വായനക്കാർ ധ്യാനിച്ചുനോക്കട്ടെ. ൧൮൭൫-ൽ അക്കാലത്തെ മെത്രാൻ അന്ത്യോക്ക്യായ്ക്കു കീഴിലാണ് താനെന്നു റസിഡണ്ടിനു ഒരു മറുപടി അയച്ചുവെന്നും, ൧൮൭൬-ൽ അക്കാലത്തെ മെത്രാൻ ചർച്ച് മിഷ്യനറി സഭക്കാരായ മിഷ്യനറിമാരോടുള്ള ബന്ധം വേർപെടുത്തി അന്ത്യോക്ക്യായ്ക്കു കീഴായിട്ടാണ് സഭ നടത്തിപ്പോന്നതെന്നും, മാർ അത്താനാസിയൂസ് അന്ത്യോക്ക്യായിലേക്കു പോയിവന്ന് ഇവിടെ മെത്രാൻസ്ഥാനം പ്രാപിച്ചതു അന്ത്യോക്ക്യായുടെ വിശ്വാസപത്രങ്ങളുടെ ബലം നിമിത്തമാണെന്നും ആയിരുന്നു മാർ ദീവന്നാസിയൂസിന്റെ വാദം. ഇതിനു പ്രതികൾ കൊണ്ടുവന്ന തർക്കം, മേൽപ്രകാരം പ്രസ്താവിച്ച മെത്രാന്മാർ മലങ്കര സഭയുടെ കാര്യങ്ങളിൽ അന്ത്യോക്ക്യാ പാത്രിയർക്കീസു പ്രവേശിക്കുന്നപക്ഷം അതിനെ വിരോധിക്കുവാൻ ഒരുക്കമുള്ളവരായിരുന്നുവെന്നും, മാർ അത്താനാസിയൂസിനെ മെത്രാപ്പോലീത്തായായി സ്വീകരിച്ചതു അദ്ദേഹത്തെ അന്ത്യോക്ക്യാ പാത്രിയർക്കീസ് ഉപേക്ഷിച്ചു കുററ

ള്പ്പെടുത്തിയതിന്റെ ശേഷമായിരുന്നുവെന്നും, അന്ത്യോക്യായിൽനിന്നു മെത്രാൻപട്ടം കൊടുത്തിട്ടുണ്ടെന്നുള്ളതു വാസ്തവമായിരുന്നുവെങ്കിലും മലങ്കരയിലെ സുറിയാനി സഭയ്ക്കു സ്വയംഭരണാധികാരമുണ്ടെന്നും, ഓരോ മെത്രാൻ തന്റെ അനുഗാമിയെ അഭിഷേകം ചെയ്യുന്ന പതിവുണ്ടെന്നും ആയിരുന്നു.

൧൮൯൩-ൽ മാർ തോമാസ് അത്താനാസിയൂസ് മരിക്കയും അടുത്ത ആണ്ടിൽ മാർ ജോസഫ്, മാർ കൂറിലോസ് എന്നിവർ കൂടി അദ്ദേഹത്തിന്റെ പിൻഗാമിയായി തീത്തൂസ് മാർ തോമാ എന്ന ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്കയും ചെയ്തു. നവീകരണ വർഗ്ഗക്കാരുടെ മെത്രാനായി മാർ തോമാ മാരാമണ്ണിൽ സ്ഥിരവാസം ഉറപ്പിച്ചു. ഈ വർഗ്ഗക്കാർ ഒരു സുറിയാനി പ്രാർത്ഥനാക്രമമാണ് ഉപയോഗിക്കുന്നതെങ്കിലും പ്രൊത്തെസ്താന്തു ഉപദേശാനുസാരം അതിൽനിന്നു വിശുദ്ധന്മാരോടും മരിച്ചവർക്കുവേണ്ടിയുമുള്ള പ്രാർത്ഥനകളും കുർബാനയിൽ വസ്തുഭേദമുണ്ടെന്നുള്ള വിശ്വാസവും നീക്കിക്കളഞ്ഞിട്ടുണ്ട്. ഇപ്രകാരമാകുന്നു ഈ സഭയുണ്ടായതു്. യാക്കോബായ മതത്തെ ഗാഢമായി ഗ്രഹിച്ചുനിന്ന മെത്രാന്മാർക്കു പ്രൊത്തെസ്താന്തു മിഷ്യനറിമാരുടെ അനുകൂല്യം ഇല്ലാതിരുന്നതും, മതാചാരങ്ങളിൽ ഓരോ കാലത്തു സംസ്കാരം വരുത്തുവാൻ മനസ്സുള്ളവരായിരുന്ന മെത്രാന്മാരെ ആ മിഷ്യനറിമാർ പല വിധത്തിലും സഹായിച്ചുകൊണ്ടിരുന്നതും സ്പഷ്ടമാകുന്നില്ലേ?

## മൂന്നു പുത്തൻകൂറുകൾ

ഇതുവരെ പറഞ്ഞ ചരിത്രത്തിൽനിന്നു, ഒരു കൽദായ മെത്രാനെ കൊച്ചിയിൽ ഇറക്കായ്ക നിമിത്തം പോർട്ടുഗീസ്സുകാരുടെ നേരെ അത്യന്തം കോപിച്ചിരിക്കുന്ന കാലത്തു അന്ത്യോക്യായിൽനിന്നു വന്ന ഏകസ്വഭാവവാദിയായ മാർ ഗ്രിഗോരിയോസിനെ മെത്രാനായി ഏതാനും സുറിയാനിക്കാർ സ്വീകരിച്ചതുമുതൽ ഈ നാട്ടിൽ പുത്തൻകൂർ ഉണ്ടായി എന്നും, പത്തൊമ്പതാം ശതാബ്ദത്തിന്റെ ആദ്യകാലത്തു ഇംഗ്ലണ്ടിൽനിന്നു വന്ന പ്രൊത്തെസ്താന്തു മിഷ്യനറിമാരുടെ പ്രേരണയാൽ ഏതാനും പുത്തൻകൂറുകാർ പ്രൊത്തെസ്താന്തുമതം സ്വീകരിച്ച് അവരുടെ ഇടയിൽതന്നെ പുതിയ ഒരു പുത്തൻകൂർ ഉണ്ടായി എന്നും, മേ

ൽപറഞ്ഞ ശതാബ്ദത്തിൻെറ മദ്ധ്യം കഴിഞ്ഞപ്പോൾ പ്രോട്ടെ സ്റ്റാന്റുകാരുടെ ശക്തിമത്തായ പ്രേരണ ഉണ്ടായിയെങ്കിലും തങ്ങളുടെ സുറിയാനി രീതിയെ ഉപേക്ഷിക്കുവാൻ മനസ്സില്ലാത്തവരും പക്ഷേ മതാചാരങ്ങളിൽ പ്രോട്ടെസ്റ്റാന്റുകാരാൽ സൂചിപ്പിക്കപ്പെട്ട സംസ്കാരങ്ങളെ പ്രവേശിപ്പിക്കുവാൻ മനസ്സുള്ളവരും ആയ നവീകരണക്കാർ എന്ന മൂന്നാമതൊരുതരം പുത്തൻകൂർ ഉണ്ടായിയെന്നും വിശദമാകുന്നുവല്ലോ. കൽദായ മെത്രാനെ കപ്പലിൽനിന്നു ഇറക്കാതിരുന്നതിനാൽ ഉണ്ടായ കോപവും മാർ ഗ്രിഗോരിയോസ് പഠിപ്പിച്ച ഏകസ്വഭാവവാദത്തിൻെറ സ്വീകാരവും തമ്മിൽ കാര്യകാരണ സംബന്ധം ഇല്ലാത്തതിനാൽ ആ സ്വീകാരം എത്രമാത്രം ആലോചനാപൂർവ്വകമായിരുന്നു എന്നു ആൎക്കും ഊഹിക്കാവുന്നതാണ്.

## ഏകസ്വഭാവവാദം

ഈ സന്ദർഭത്തിൽ എവുത്തിക്കിയൂസിൻെറ ഏകസ്വഭാവവാദത്തെക്കുറിച്ച് അല്പം പറയേണ്ടിയിരിക്കുന്നു. ആദ്യമനുഷ്യൻ ചെയ്ത പാപം ദൈവത്തിൻെറ നേരെയാകയാൽ അതിനെ പരിഹരിക്കുവാൻ അനന്തനായ ദൈവത്തേക്കാൾ താണ സൃഷ്ടവസ്തുക്കളുടെ ബലികൊണ്ടു കഴിയുന്നതല്ല. ഈശ്വരകോപാഗ്നി ഈശ്വരസമനായ ഒരു സത്തയുടെ ബലിയാൽമാത്രമേ ശമിക്കയുള്ളൂ. ആകയാൽ മനുഷ്യവൎഗ്ഗത്തിൻെറ നേരെയുള്ള അതിരററ കരുണയാൽ ദൈവംതന്നെ മനുഷ്യകുലപ്രതിനിധി എന്ന നിലയിൽ മനുഷ്യനായി അവതരിച്ച് സ്വയംബലി കഴിക്കേണ്ടിവന്നു. ഈ ന്യായത്താൽ ഈ ബലി യഥാൎത്ഥ ദൈവവും യഥാൎത്ഥ മനുഷ്യനും ആയേകഴിയൂ. മനുഷ്യരൂപം ധരിക്കമാത്രം ചെയ്ത ദൈവമായാൽ പോരാ. എവുത്തിക്കിയൂസ് ഈ ന്യായം ഗ്രഹിക്കാതെയോ സൂക്ഷ്മമായി കാണാതെയോ മ്ശിഹായ്ക്കു ദൈവസ്വഭാവം മാത്രമേ ഉള്ളുവെന്നു പഠിപ്പിക്കയും ആ മതം അബദ്ധമാണെന്നു കൽച്ചെദോനിയ സൂനഹദോസിൽ നിഷ്പ്രയാസം വിധിക്കയും ചെയ്തു. ഇക്കാലത്തായിരുന്നു അദ്ദേഹമോ മററാരെങ്കിലുമോ അങ്ങനെ ഒരു വാദം പുറപ്പെടുവിച്ചതെങ്കിൽ അതിനെ എല്ലാവരും ഉടനടി തള്ളിക്കളയുമായിരുന്നു. മലയാളത്തിലുള്ളവരെ നീക്കിയാൽ ഏകദേശം മൂവായിരം ജനങ്ങൾ മ

ത്രമേ ഇപ്പോൾ ഏകസ്വഭാവവാദികളായിട്ടുള്ളൂ. ഭൂമിക്ക് 'അചലാ' (ഇളക്കമില്ലാത്തതു) 'സ്ഥിരാ' (ഉറച്ചിരിക്കുന്നതു) എന്ന പേരുകൾ കൊടുത്തവക്ക് പിണഞ്ഞ അബദ്ധംപോലെയുള്ള ഒരു അബദ്ധമാണു എവൊത്തിക്കീയൂസിൻേറതു്.

നവീകരണക്കാരുടെ ആവിർഭാവമാകട്ടെ, ശക്തികളുടെ സമാന്തര ചതുർഭുജം (Parallelogram of forces) എന്ന നിയമത്തിനു ഒരു ദൃഷ്ടാന്തമാണു്. ഒരു വസ്തുവിനെത്തന്നെ രണ്ടു ശക്തികൾ ഒരുമിച്ചോ വിപരീതവശങ്ങളിൽനിന്നോ അല്ലാത്തവിധം വലിക്കുന്നതായാൽ, ആ വസ്തുവിൻേറ ഗതി ആ ശക്തികളുടെ തോതനുസരിച്ച അവ രണ്ടിനും കീഴ്പ്പെടാത്ത മൂന്നാമതൊരു പദ്ധതിയിൽ കൂടിയായിരിക്കും. തർക്കശാസ്ത്രത്തിൽ ഈ ഫലത്തിനു (Complex effect) മിശ്രഫലം എന്നു പറയും

# പുതിയ മതകർത്താക്കളെ പ്രേരിപ്പിച്ചതെന്തു?

ഇനി യൂറോപ്പിലെ പ്രോത്തെസ്ലാന്തുമതത്തിൻേറ ചില കർത്താക്കന്മാരേക്കുറിച്ചും ഇവിടെ അല്പം പറയേണ്ടിയിരിക്കുന്നു. ലുത്തർ എന്ന കത്തോലിക്കാപ്പട്ടക്കാരൻ 'ദോഷപൊറുതി'യെ സംബന്ധിച്ചു ചെയ്ത ആക്ഷേപങ്ങൾ അവസാനിപ്പിച്ചതു ഒരു കന്യാസ്ത്രീയെ വശീകരിച്ചു വിവാഹംചെയ്തതിലാണ്. പട്ടക്കാരുടെ അവിവാഹിതത്വം എന്ന വ്രതം അതുവരെ അനുഷ്ഠിച്ചിരുന്നതു ഭംഗംചെയ്വാൻ ദണ്ഡവിമോചനവ്യവഹാരം കാരണമാക്കിയതു എങ്ങിനെയെന്നു ചോദിച്ചു സമാധാനം വാങ്ങുവാൻ ലുത്തർ ഇപ്പോൾ ഇല്ലല്ലോ. ഇംഗ്ലണ്ടിലെ എട്ടാം ഹെൻറി രാജാവാകട്ടെ തൻേറ ഒന്നാമത്തെ ഭാര്യയെ ഉപേക്ഷിച്ചു. രണ്ടാമത്തെ ഭാര്യയെ പതിവ്രതയല്ലെന്നു പറഞ്ഞു് മരണശിക്ഷ അനുഭവിപ്പിച്ചു. മൂന്നാമത്തെ ഭാര്യയായ ജെയിൻ സെയിമൂർ മരിച്ചപ്പോൾ നാലാമത്തെ ഭാര്യയായി ആൻ ഓഫ് ക്ലീവ്സ് (Anne of Cleves) എന്ന സ്ത്രീയെ വിവാഹംചെയ്തുവെങ്കിലും അവൾക്കു ഭംഗിപോരെന്നു പറഞ്ഞു മടക്കി അയക്കയും ആ 'ബന്ധുത' ഏർപ്പാടു ചെയ്ത ക്രോംവെൽ എന്ന മന്ത്രിയെ അത്യന്തം അപമാനിക്കയും പിന്നെ കൊല്ലിക്കയും ചെയ്തു. അഞ്ചാം നമ്പർ ഭാര്യയായ കത്രീൻ ഹൊവാർഡ് പതിവ്രത അല്ലെന്നുള്ള കുററം അ

രോപിക്കപ്പെട്ടു മരണശിക്ഷ അനുഭവിച്ചു. ആറാം നമ്പർ ഭാര്യയായ കത്രീൻ പാർ ഭാഗ്യവശാൽ പ്രസ്തുത രാജാവിനെ അതിജീവിച്ചു. ലൂഥേറിന്റെ സംഗതിയിലെന്നപോലെ പെൺകെട്ടും, ഇഷ്ടംപോലെയുള്ള വിവാഹമോചനവും നാം ഇവിടെ കാണുന്നു. സന്യാസിയായിരുന്ന ലൂഥേറും "വിശ്വാസ സംരക്ഷക"നായിരുന്ന എട്ടാംഹെൻറിയും കത്തോലിക്കാസഭയുടെ ഭരണത്തിൽനിന്നു വിട്ടപ്പോൾ കാര്യം എവിടെപ്പോയി എന്നു നോക്കുക!!

## പ്രോത്തെസ്താന്തുമതങ്ങളുടെ ബഹുത്വം

ഈ നാട്ടിൽ ഇപ്പോൾ ക്രിസ്ത്യാനി വർഗ്ഗങ്ങളുടെ ഐക്യം സാധിപ്പാനുള്ള യത്നങ്ങളാണല്ലൊ ചിലർ കേമമായി നടത്തുവാൻ ഉത്സാഹിക്കുന്നതു്. അവരിൽ ബദ്ധശ്രദ്ധന്മാർ പ്രൊത്തെസ്താന്തുകാരുമാണ്. ഇതുപോലെ ഒരു ശ്രമം രണ്ടുകൊല്ലം മുമ്പ് കാൻറർബറി ആർച്ച് ബിഷോപ്പ് അവർകൾ ചെയ്കയുണ്ടായി. അതിനുവേണ്ടി ലാമ്പെത്ത് (Lambeth) എന്ന സ്ഥലത്തു ഒരു യോഗം കൂട്ടുകയും ചെയ്തു. അതുകൊണ്ട് സാരവത്തായ യാതൊരു ഫലവും ഉണ്ടായില്ല. വെസ്റ്റ്മിനിസ്റ്ററിലെ റോമൻ കത്തോലിക്ക് ആർച്ചുബിഷോപ്പായ ഡോക്ടർ ബോറൺ അവർകളെ ആ യോഗത്തിലേക്കു ക്ഷണിച്ചിരുന്നുവെങ്കിലും അദ്ദേഹം പോകയുണ്ടായില്ല; പോകേണ്ട ആവശ്യവുമില്ല. പ്രൊത്തെസ്താന്തുകാരുടെ ഇടയിൽ പുനരൈക്യം, പുനരൈക്യം, എന്ന സ്വരം ഇക്കാലത്തു ഉയർത്തിക്കൊണ്ടിരിക്കുന്നതിന്റെ രഹസ്യം നാം ആലോചിക്കേണ്ടതാണ്. അവർക്കു Private judgment എന്നൊരു പ്രമാണമുണ്ട്. ഇതിന്റെ അർത്ഥം വേദപുസ്തകം ഓരോരുത്തൻ ഉത്തമ വിശ്വാസമായി വായിച്ചു തന്നതഭിപ്രായപ്രകാരം പൊരുൾതിരിക്കാവുന്നതാണ് എന്നാകുന്നു. ഈ പ്രമാണം ഹേതുവാൽ തമ്മിൽ വിഭിന്നങ്ങളായ അനേകം പ്രൊത്തെസ്താന്തു വർഗ്ഗങ്ങളുണ്ട്. ഇവയുടെ ഈ വർദ്ധനയും മേൽപ്പറഞ്ഞ പ്രമാണവും തമ്മിൽ വളരെ യോജിപ്പുള്ളവയാണ്. ഈ സംഖ്യ ഇനിയും കൂടിവരുന്നതായാൽ അത്ഭുതത്തിനു അവകാശമില്ല. എത്ര പ്രൊത്തെസ്താന്തുകാരുണ്ടോ അത്രതരം ഭിന്നാഭിപ്രായക്കാരും ആ കൂട്ടത്തിൽ പരമാവധിയായി വരാവുന്നതാണ്.

ഒരു വൃത്തത്തിന്റെ വിസ്താരം അല്ലെങ്കിൽ ക്ഷേത്രഫലം കണ്ടെത്തുവാൻ ത്രികോണഗണിതത്തിൽ (Trigonometry) ഒരു സൂത്രമുണ്ടു്. വൃത്തത്തിനുള്ളിൽ തൽപരിധിയിന്മേൽ കോണുകൾ തൊട്ടുന്നതും ഏതാനും സമഭാഗങ്ങളുള്ളതും ആയ ഒരു ക്ഷേത്രം (Figure) വരക്കുക, അപ്പോൾ അതിന്റെയും വൃത്തത്തിന്റെയും പരിധികൾ തമ്മിൽ മുട്ടുകയില്ല. ക്ഷേത്രത്തിന്റെ പട്ടങ്ങൾ അവസാനമില്ലാതെ വർദ്ധിപ്പിച്ചാൽ വൃത്തത്തിന്റെ പരിധിയും ക്ഷേത്രത്തിന്റെ പരിധിയും ഒന്നാകും. അങ്ങനെ വരുമ്പോൾ ഇരു പരിധികളിലുമുള്ള ബിന്ദുക്കൾ ഒന്നുതന്നെയാകാതെ കഴികയില്ല. സമപട്ടങ്ങളുള്ള ഒരു ക്ഷേത്രത്തിന്റെ വിസ്താരം കാണുവാനുള്ള സൂത്രം ആ പട്ടങ്ങൾ അവസാനമില്ലാത്തവ ആകുമ്പോഴും ഫലിപ്പിക്കാവുന്നതാകയാൽ, ഈ മാർഗ്ഗത്താൽ വൃത്തത്തിന്റെ വിസ്താരം "പൈ ആർ സ്ക്വയർഡ്" എന്നു സിദ്ധിക്കും. ഈ ഉപമ ഈ സന്ദർഭത്തിൽ യുക്തമായി തോന്നുന്നുണ്ടു്. വൃത്തത്തിന്റെ പരിധിയിലുള്ള ബിന്ദുക്കൾ പ്രൊത്തെസ്റ്റാന്തു ജനസംഖ്യയും ക്ഷേത്രത്തിന്റെ പട്ടങ്ങൾ ആ മതത്തിന്റെ അവാന്തര വിഭാഗങ്ങളുമായി കരുതിയാൽ മതി. ഈ അവാന്തര വിഭാഗങ്ങളുടെ വർദ്ധമാനമായ സംഖ്യയും വിഭിന്നതയും കണ്ടു് ഭയവിഹ്വലന്മാരായിട്ടോ എന്നു തോന്നുമാറു് ഐക്യസിദ്ധിക്കായി അവർ മുറവിളി കൂട്ടുന്നതു സ്വാഭാവികംതന്നെ. എന്നാൽ മലയാളരാജ്യത്തു കോട്ടയം കോളേജു് ആലുവാ യൂണിയൻ കോളേജിനോടു ചേർക്കുന്നതുകൊണ്ടോ, കോട്ടയം കോളേജിന്റെ കപ്പേളയിൽ നാനാമതക്കാരായ ക്രിസ്ത്യാനി വിദ്യാർത്ഥികൾ നാനാ രീതികളിൽ പ്രഭാതപ്രാർത്ഥന ചെയ്യുന്നതുകൊണ്ടോ ആ കാര്യം സാധിക്കുവാൻ കഴിയുന്നതല്ല. പല മതക്കാർ ഒരേ സ്ഥലത്തും സമയത്തും ഇപ്രകാരം ചെയ്യുന്നു എന്നതിലധികമായ ഒരു ഐക്യം അതിനാൽ ഉണ്ടാകുവാൻ പാടില്ല.

## മൂലസഭ ഏതു്?

ഇവിടെ ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. എവുത്തിക്കിയൂസിനും, ലൂഥേറിനും, എട്ടാം ഹെൻറി രാജാവിനും മുമ്പു് ക്രിസ്തുവിന്റെ സഭ ഭൂമിയിൽ ഉണ്ടായിരുന്നില്ലേ? "ഞാൻ എല്ലാ

സ്സോഴം ലോകാവസാനത്തോളവും നിങ്ങളോടുകൂടെ ഉണ്ടു്" എന്നു പ്രതിജ്ഞചെയ്ത മ്ശിഹായുടെ സത്യമായ ഒരു സഭ മുമ്പുണ്ടായിരുന്നു, ഇപ്പോഴും ഉണ്ടു്, എന്ന ഒരുത്തരംമാത്രമേ ഈ ചോദ്യത്തിനുണ്ടാകുവാൻ പാടുള്ളൂ. അസംഖ്യം വിശുദ്ധന്മാർ ഉണ്ടായിട്ടുള്ള ആ സഭയിൽ ക്രിസ്താനികൾ എല്ലാവരും ചെന്നു ലയിക്കാതെ മനുഷ്യനിർമ്മിതങ്ങളായ മതങ്ങളേയും സംസ്കാരങ്ങളേയും ആശ്രയിച്ചുനിന്നാൽ യഥാർത്ഥമായ ഐക്യമുണ്ടാകുന്നതെങ്ങനേ? സത്യസഭയുടെ ലക്ഷണങ്ങളായ ഐക്യം, വിശുദ്ധത, സർവ്വസാമാന്യത, അപ്പോസ്തോലികത്വം എന്നവ പ്രസ്തുത സഭയ്ക്കുപുറമേ എവിടെ കാണ്മാൻ കഴിയും? "ഒരു കത്തോലിക്കൻ പെക്കിനിലോ, മെൽബോറനിലോ, ലണ്ടനിലോ, ഡബ്ലിനിനോ, പാരീസിലോ, റോമ്മായിലോ, ന്യൂയോക്കിലോ, സാൻപ്രാൻസിസ്കോവിലോ, എന്നുവേണ്ട വിശാലമായ ഈലോകത്തിലുള്ള ഏതു കത്തോലിക്ക പള്ളിയിൽ പ്രവേശിച്ചാലും എല്ലായിടത്തും ഒരേ ഉപദേശംതന്നെ പ്രസംഗിക്കുന്നതു കേൾക്കയും, ഒരേ ബലികർമ്മത്തിൽ കൂടുകയും, ഒരേ കൂദാശകളെ കൈക്കൊൾകയും ചെയ്യുമെന്നതിനു സംശയമില്ലെന്നുള്ള വിചാരം എത്ര ഉൽകൃഷ്ടവും ആശ്വാസപ്രദവുമാകുന്നു!" വിശുദ്ധനായ അഗുസ്തീനോസു തൻെറ കാലത്തെ ദോനാത്തിസ്റ്റുകാരോടു പറഞ്ഞതിനെ സത്യസഭയിൽനിന്നു പിരിഞ്ഞുനിൽക്കുന്ന നമ്മുടെ സഹോദരന്മാരോടു സസ്നേഹം പറഞ്ഞുകൊള്ളട്ടെ; "സഹോദരന്മാരേ! നിങ്ങൾ മുന്തിരിവള്ളിയോടു ചേർക്കപ്പെടണമെന്നാഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളുടെ അടുക്കൽ വരുവിൻ; നിങ്ങൾ അതിൽനിന്നു വെട്ടിനീക്കപ്പെട്ടു കിടക്കുന്നതു കണ്ടിട്ടു ഞങ്ങൾ ദുഃഖിതന്മാരായിരിക്കുന്നു. വിശുദ്ധനായ പത്രോസിൻെറ സിംഹാസനം മുതൽക്കുള്ള മെത്രാന്മാരെ എണ്ണുവിൻ. ഗുരുക്കന്മാരുടെ ആ പട്ടികയിൽ ഒരാൾ മററാരാളെ അനുഗമിച്ചതു സൂക്ഷിക്കുവിൻ. നരകത്തിൻെറ അഹങ്കാരമുള്ള വാതിലുകൾക്കു ജയിക്കുവാൻ കഴിവില്ലാത്തതായ പാറ ഇതുതന്നെയാകുന്നു."

## പൂർവ്വസ്ഥിതിഗമനം

കാൻറർബറി, യോർക്ക് എന്നീ പ്രോത്തെസ്താന്തു ആർച്ചുബിഷോപ്പന്മാരുടെ കല്പനപ്രകാരം ഇപ്പോൾ അച്ചടിപ്പിച്ചി

രിക്കുന്ന പ്രാൎത്ഥനാപുസ്തകത്തിൽ മരിച്ചവൎക്കുവേണ്ടിയും വിശുദ്ധന്മാരോടുമുള്ള പ്രാൎത്ഥനകൾ അടങ്ങിയിരിക്കുന്നു. സംസ്കാരകാലത്തു് ഉപേക്ഷിക്കപ്പെട്ട സമ്പ്രദായങ്ങളാണിവ. ഈ പുനഃസ്വീകാരം പൂൎവ്വപരിത്യാഗം അബദ്ധമായിരുന്നു എന്നുള്ള സമ്മതത്തിനു സമമല്ലയോ? ലൌകികോദ്ദേശ്യങ്ങളാൽ പ്രേരിതന്മാരായ ഓരോരുത്തർ ഓരോ കാലങ്ങളിൽ സംസ്കാരം, സംസ്കാരം, എന്നു പേർപറഞ്ഞു് യഥേഷ്ടം മതഭേദങ്ങൾ ചെയ്താൽ പൂൎവ്വാപരവിരുദ്ധമായ ഈ വിധം പരിണാമത്തെ പ്രാപിക്കുന്നതിലെന്തത്ഭുതമാണുള്ളതു്? ൧൯൨൧ സെപ്തംബർ മാസത്തിലെ 'കോട്ടയംമാസിക'യിൽ "ഭിന്നസഭകളുടെ പുനരൈക്യം" എന്ന പേരോടുകൂടെ പ്രസിദ്ധീകരിച്ച ഒരു ഉപന്യാസത്തിൽ നിന്നു ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു ഉപയുക്തമായിരിക്കുമെന്നു തോന്നുന്നു. "പ്രോട്ടസ്റ്റണ്ടു സഭയുടെ നശ്വരസ്വഭാവവും അധോമുഖസ്ഥിതിയും മററും ആ വകുപ്പിൽപെട്ട ഇംഗ്ലണ്ടിലും അമേരിക്കയിലുമുള്ള യോഗ്യന്മാർ ഇപ്പോൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അവർ ഇപ്പോൾ ക്രിസ്തീയലോകത്തിനു ഒരു പുനരൈക്യമുണ്ടായിക്കാണ്മാൻ ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരിക്കയാണു്. അവർ ലോകമെല്ലാം മഹാസംഘങ്ങളും ശാഖാസംഘങ്ങളും സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഇൻഡ്യയിലും ഇതിൻെറ ഒന്നിലധികം സംഘങ്ങൾ വേലചെയ്യുന്നുണ്ടു. എന്നാൽ കത്തോലിക്കസഭയോ അതിൻെറ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായോ ഉൾപ്പെടാത്ത ഒരൈക്യം സുസ്ഥിരമോ സാധ്യമോ അല്ലെന്നു ആരംഭത്തിൽതന്നെ ഇവൎക്കു ബോധമുള്ളതുകൊണ്ടു അമേരിക്കയിൽനിന്നു മെത്രാന്മാർ ഉൾപ്പെട്ട പ്രബലന്മാരായ പ്രോട്ടസ്റ്റണ്ടുകാരുടെ ഒരു മഹാസംഘം റോമയിലെത്തി മാർപ്പാപ്പായെ സന്ദൎശിച്ചു വിവരം ബോധിപ്പിക്കയുണ്ടായി. കത്തോലിക്കസഭയുടെ പാരമ്പൎയ്യത്തിൽനിന്നും വിശ്വാസതത്വസംഹിതയിൽനിന്നും അല്പമായെങ്കിലും ഭേദം വരുന്ന വിധത്തിൽ പുനരൈക്യാലോചനയിൽ പങ്കുകൊള്ളുവാൻ പരിശുദ്ധസിംഹാസനത്തിനു നിവൃത്തിയില്ലെന്നായിരുന്നു തിരുമനസ്സിലെ മറുപടി. എങ്കിലും പുനരൈക്യാലോചനയിൽ അന്തൎഭൂതമായിരിക്കുന്ന ഐക്യബുദ്ധിയെ തിരുമേനി ശ്ലാഘിക്കയും സന്ദൎശകന്മാരെ അഭിനന്ദിച്ചാശീർവദിക്കയും ചെയ്തു." ഇതും ഇതുപോലെയുള്ള അന്യ രാജ്യങ്ങളിലെ

മററു സംഭവങ്ങളും സ്ഥിതിഭേദങ്ങളും ഈ നാട്ടിലെ ഭിന്നവർഗ്ഗങ്ങളും വിശേഷിച്ചു പ്രൊട്ടെസ്റ്റന്റുകാരും അറിയുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒടുവിൽ പറഞ്ഞ വകുപ്പുകാരെ പതിനേഴാം ശതാബ്ദത്തിന്റെ ആരംഭകാലത്തു ചർച്ച് മിഷ്യനെറിമാർ ഉപദേശിച്ച മതവും ആചാരങ്ങളുമാണ് അവർ ഇന്നും ഗാഢമായി പിടിച്ചുകൊണ്ടിരിക്കുന്നതു്. ഇംഗ്ലണ്ടിലെ നാനാതരങ്ങളിൽപെട്ട അനേകം പ്രൊട്ടെസ്റ്റന്റു ദേവാലയങ്ങളിലുള്ള മതാചാരങ്ങളിൽ വന്നിരിക്കുന്ന ഭേദങ്ങളുടെ ആധിക്യം നിമിത്തം കത്തോലിക്കപള്ളികളേയും പ്രൊട്ടെസ്റ്റന്റു പള്ളികളേയും തിരിച്ചറിയുവാനുള്ള പ്രയാസം അപരിചിതന്മാക്കു വർദ്ധിച്ചുവരികയാണു ചെയ്യുന്നതു്. ഈ വക യഥാർത്ഥ സംഗതികൾ ചർച്ച്മിഷ്യനെറിമാർ കേരളത്തിലെ പ്രൊട്ടെസ്റ്റന്റുകാരെ ശരിയായി ഗ്രഹിപ്പിക്കുന്നില്ല. കഴിഞ്ഞ ഫെബ്രുവരി ൧൧-ാംനു- കോട്ടയം ഇടവക ശാലയിൽവച്ചു ആംഗ്ലിക്കൻ ചർച്ച് മെൻസ് യൂണിയൻ എന്ന സഭയുടെ ഒരു വിശേഷാൽ യോഗം കൂടുകയുണ്ടായി. അതിനടുത്ത കാലത്തു കൽക്കത്തായിൽ കൂടിയ ഇൻഡ്യൻ പ്രൊവിൻഷ്യൽ സിനോഡിന്റെ റിപ്പോർട്ടു എന്താണെന്നു കേൾക്കുവാനായിരുന്നു ഈ യോഗം കൂടിയതു്. പ്രസ്തുത യൂണിയൻപ്രതിനിധികളിൽ ഒരുവനായി കൽക്കത്തായിൽ പോയിരുന്ന ഒരു മാന്യൻ ആ സിനോഡിൽ നടന്ന സംഭവങ്ങളെക്കുറിച്ചു ചെയ്ത പ്രസംഗത്തിൽ മററു വിവരങ്ങളുടെ കൂട്ടത്തിൽ, ഇംഗ്ലണ്ടിലും ഇൻഡ്യയിലും പ്രസിദ്ധന്മാരായ അനേകം ബിഷോപ്പന്മാരും മററു വൈദികരും സിനോഡിൽ സന്നിഹിതരായിരുന്നുവെന്നും, കൽക്കത്തായിലെ അനേക ദേവാലയങ്ങളിൽ കർമ്മങ്ങൾ കാണുവാൻ താൻ (പ്രതിനിധിയായ മേൽപ്പറഞ്ഞ മാന്യൻ) സന്നിഹിതനായിരുന്നുവെന്നും, ആ കർമ്മങ്ങൾ ഇവിടെയുള്ള ആരാധനാരീതിയിൽനിന്നു തീരെ വ്യത്യസ്തമാണെന്നും, അവയിൽ മെഴുകുതിരികളും തിരശ്ശീലയും കുന്തുരുക്കവും പുരോഹിത വസ്ത്രങ്ങളും ഉപയോഗിച്ചിരുന്നുവെന്നും, അവ ഇവിടത്തെ സുറിയാനിപ്പള്ളികളിലെ കർമ്മങ്ങൾക്കു സദൃശമായിരുന്നുവെന്നും, ആ രീതി ഇവിടെയുള്ള ആംഗ്ലിക്കൻദേവാലയങ്ങളിലും പ്രവേശിപ്പിച്ചാൽ യാക്കോബായക്കാരും മററു സുറിയാനിക്കാരുമായുള്ള ഉദ്ദിഷ്ടമായ ഐക്യം എളുപ്പത്തിൽ സാധിക്കാമെന്നും പ്രസ്താവിച്ച ഉടനെ

യോഗത്തിലുണ്ടായിരുന്ന മറെറാരു മാന്യൻ എഴുന്നേററു ആ പ്രതിനിധിയെ കഠിനമായി അധിക്ഷേപിക്കയും മേലിൽ അദ്ദേഹത്തെ ഈ വക കാൎയ്യങ്ങൾക്കായി ഒരിക്കലും തെരഞ്ഞെടുക്കരുതെന്നു പറകയുംചെയ്തു. കൽക്കത്തായിൽ പോയപ്പോൾ ഇത്രവരെ മനോഭേദം വന്നു അപ്പോൾ ഇംഗ്ലണ്ടിലും അമേരിക്കയിലും പോയാലൊ? ഇതിൽനിന്നു സിദ്ധിക്കുന്ന അനുമാനം കേരളമൊഴിച്ചു ഭൂമിയുടെ അന്യഭാഗങ്ങളിൽ പ്രോത്തെസ്താന്തു മതത്തിൽ വന്നുകൊണ്ടിരിക്കുന്ന ഭേദങ്ങളെ കേരളീയ പ്രോത്തെസ്താന്തുകാർ അറിയുന്നില്ലെന്നും അവരുടെ അധികൃതന്മാർ അവരെ അറിയിക്കുന്നില്ലെന്നുമാണല്ലൊ. ആലുവായിലെ യൂണിയൻ കോളജ് ഈ നാട്ടിലെ ഏതാനും ഭിന്നവൎഗ്ഗക്കാരായ ക്രിസ്ത്യാനികൾ തങ്ങളുടെ കയ്യിൽ നിന്നു പണം വരിയിട്ടെടുത്തു സ്ഥാപിച്ചു നടത്തിക്കൊണ്ടു പോകുന്നതാണെന്നായിരുന്നു അവരെല്ലാവരുടെയും വിശ്വാസം. എന്നാൽ കഴിഞ്ഞ നവംബർ ൧൨-ാം തിയ്യതിയിലെ മദ്രാസ് മെയിൽ പത്രത്തിൽ മദ്രാസ് ക്രിസ്ത്യൻ കോളജിലെ സമ്മാനദാനാവസരത്തിൽ പ്രിൻസിപ്പാൾ റവ. മെസ്റ്റൻ വായിച്ച റിപ്പോർട്ടു പ്രസിദ്ധീകരിച്ചിരുന്നു. ആ റിപ്പോർട്ടിൽ ആലുവായിലെ യൂണിയൻ കോളജ് നടത്തിക്കൊണ്ടുപോകുന്നതു മദ്രാസ് ക്രിസ്ത്യൻ കോളജ്കാരാണെന്നു തുറന്നു പറകയുണ്ടായി. യൂണിയൻകോളജ് കൌൺസിലിന്റെ അംഗങ്ങളെ നിയമിച്ചിട്ടുള്ളതു മദ്രാസ് ക്രിസ്ത്യൻകോളജ് കൌൺസിൽകാരാണെന്നും അതിന്റെ അദ്ധ്യാപകന്മാരിൽ ചിലൎക്കു ശമ്പളം കൊടുക്കുന്നതുപോലും അവരാണെന്നും കേൾക്കുന്നു. കാൎയ്യങ്ങളുടെ സൂക്ഷ്മസ്ഥിതി എങ്ങനെയിരിക്കുന്നു എന്നു നോക്കുക! കേരളത്തിലും അതിനു ഇത്ര അടുത്ത മദ്രാസിലും കൂടി നടക്കുന്ന യഥാൎത്ഥസംഗതികൾ അറിഞ്ഞിട്ടില്ലാതിരിക്കെ അമേരിക്കയിലും ഇംഗ്ലണ്ടിലും കൽക്കത്തായിലും ഉള്ള പ്രോത്തെസ്താന്തു സഭകളുടെയും വിശ്വാസാചാരങ്ങളുടെയും അത്ര്യന്മാരായ പ്രോത്തെസ്താന്തുകാരുടെ അജ്ഞത ക്ഷന്തവ്യംതന്നെ. എങ്കിലും ആലുവായിൽ ഒരു വിജനപ്രദേശത്തു ഏതാനും വിദ്യാൎത്ഥികളെ ഒരുമിച്ചുകൂട്ടി ഒരു കോളജ് തുടങ്ങിയതുകൊണ്ടു കേരളത്തിലെ ക്രിസ്തീയ വകുപ്പുകളുടെ ഒരു ഐക്യം സാധിക്കാമെന്നു കരുതിയതിലുള്ള പ്രാഗത്ഭ്യത്തെക്കുറിച്ചെന്തു പറയേണ്ടു!

ACHARYA PALACKAL JEEVAS KENDRAM

ACHARYA PALACKAL JEEVASS KENDRAM
LIBRARY
11500

*Nihil Obstat,*

Mgr. A. Panucherry
*Censor Deputatus.*

*Imprimatur,*

† F. Vazhappilly,
Bishop, Vicar Ap. of
Trichur.

Trichur,
11th March 1922,

---

AN APPRECIATION

"......... I thank you much for your wor and hope you will write some more such useful pamphlets..."

† F. Vazhapilly.

ST. ANTONY'S CARMELITE MONASTERY
S. I. RAILWAY STATION, ALWAYE, TRAVANCORE
5 APR. 1931
ALWAYE, T... ...RE